# കാരുണികൻ

Vol.18 No. 03 Mar. 2021

സമഗ്ര ദൈവശാസ്ത്ര മാസിക




വചനബോധി
ലത്തീൻ

# വചനബോധി
ലത്തീൻ

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ. ലോറൻസ് കുലാസ്
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ


## ഉള്ളടക്കം


**ഏപ്രിൽ 01 ___ പെസഹാ**
**Page : 73**

● ഫാ. ബിജു മഠത്തിക്കുന്നേൽ CSsR

**ആരാധന**
**Page : 78**

● ഫാ. ആന്റണി കുഴിവേലിൽ

**ഏപ്രിൽ 02 ___ ദുഃഖവെള്ളി**
**Page : 82**

● ഫാ. ജിബിൽ കുഴിവേലിൽ

**ഏപ്രിൽ 04 ___ ഈസ്റ്റർ**
**Page : 87**

● ഡോ. ആൻസൻ പാണേങ്ങാടൻ CMI

**ഏപ്രിൽ 11 ___ പെസഹാക്കാലം 2-ാം ഞായർ**
**Page : 90**
**അപ്പ 4:32 – 35; 1 യോഹ 5:1 – 6; യോഹ 20:19 – 31**

● ഡോ. ലോറൻസ് കുലാസ്
● ഡോ. എ. ആർ. ജോൺ

**ഏപ്രിൽ 18 ___ പെസഹാക്കാലം 3-ാം ഞായർ**
**Page : 96**
**അപ്പ 3:13 – 15,17 – 19; 1 യോഹ 2:1 – 5a; ലൂക്കാ 24:35 – 48**

● ഡോ. ലോറൻസ് കുലാസ്
● ഫാ. അഗസ്റ്റിൻ സിബി കിടങ്ങേത്ത്

**ഏപ്രിൽ 25 ___ പെസഹാക്കാലം 4-ാം ഞായർ**
**Page : 102**
**അപ്പ 4:8 – 12; 1 യോഹ 3:1 – 2; യോഹ 10:11 – 18**

● ഡോ. ലോറൻസ് കുലാസ്
● ഫാ. മെൽട്ടസ് ചാക്കോ കൊല്ലശ്ശേരി

# ഏപ്രിൽ 01

## പെസഹാ

യുദ്ധമുഖത്ത് മുറിവേറ്റ ഒരു പട്ടാളക്കാരൻ തന്റെ അന്ത്യസമയത്ത് പൊട്ടിക്കരയുകയാണ്. അവന്റെ വിഷമം കോടികണക്കിനു ജനങ്ങൾക്കു കാവലായിരുന്നിട്ടും തന്റെ അന്ത്യസമയത്തുപോലും തനിക്കു കൂട്ടിരിക്കാൻ ഉറ്റവരാരുമില്ല എന്നതായിരുന്നു. മരണനേരത്ത് ഒരു പുരോഹിതൻ അയാളെ ആശ്വസിപ്പിച്ചുകൊണ്ടുപറഞ്ഞു: നീ ഒറ്റയ്ക്കല്ല മരിക്കുന്നത്. നിനക്കായി ഞാനിവിടെ നിന്റെയടുത്തുണ്ട്. ഞാൻ നിന്റെ മരണത്തിന് നിന്റെ കരം പിടിച്ച് കാവലിരിക്കാം. നിന്റെ ബോധം മറയുന്നതുവരെ ഞാൻ നിന്നോടു സംസാരിച്ചുകൊണ്ടിരിക്കും. ആവുന്നരീതിയിൽ നീ എന്നോടു വാക്കുകൾ കൊണ്ട് പ്രതികരിക്കണം. അതിനു കഴിയാതെയാകുമ്പോൾ ഞാൻ നിന്റെ മിഴികളിലേക്കു നോക്കിയിരിക്കും. കഴിയുന്നത്ര എന്റെ കരങ്ങളിൽ നീ അമർത്തുക. അതിനും വയ്യാതാകുമ്പോൾ എനിക്കറിയാം നീ മരണത്തിന്റെ അതിർത്തിയിലാണെന്ന്. അപ്പോൾ ഞാൻ നിന്റെ കൈകളിൽ  അമർത്തിപ്പിടിക്കാം; ഒരിക്കലും നീ ഒറ്റക്കാണെന്നു തോന്നാതിരിക്കാൻ. പട്ടാളക്കാരൻ ശാന്തനായി. അയാളുടെ മിഴികൾ സജലങ്ങളായി. ആ പുരോഹിതൻ തന്റെ ആരുമല്ലാതിരുന്ന പട്ടാളക്കാരന്റെ മരണത്തിന് കൂട്ടിരുന്നു. അദ്ദേഹത്തിന്റെ പ്രാണൻ പൊലിഞ്ഞപ്പോൾ പുരോഹിതന്റെ മിഴികൾ നിറഞ്ഞിരുന്നു. പട്ടാളക്കാരന്റെ ജീവൻ തന്റെ ആത്മാവിൽ നിന്നാണ് അടർന്നുപോയതെന്ന് പുരോഹിതന് തോന്നി.

മനുഷ്യന്റെ കാലിൽതൊട്ട് അഹംബോധം ഇറക്കിവയ്ക്കണമെ

ന്നും സ്നേഹത്തിന്റെ ഔന്നത്യത്തിലേക്കുയരാൻ ഭൂമിയോളം താഴ്ന്ന് അപരന്റെ കാൽച്ചുവട്ടിലേക്ക് കുനിയണമെന്നും ഓർമിപ്പിച്ച് കടന്നുപോയവന്റെ ഓർമയാണ് പെസഹാ.

ആർത്തിരമ്പുന്ന നമ്മുടെ സങ്കടക്കടലുകളെ കാണാതെ, നമ്മുടെ ജീവിതത്തിന്റെ കാറ്റും കോളും അറിയാതെ കാണാമറയത്തിരുന്ന് നമ്മുടെ പിഴവുകളെണ്ണി നമ്മെ വിധിക്കാൻ കാത്തിരിക്കുന്നൊരു ദൈവമല്ല നമ്മുടേത്. മറിച്ച്, ഉണർവിലും ഉറക്കത്തിലും മിഴി നിറയുമ്പോഴും മനസ്സ് കവിയുമ്പോഴും കൂട്ടിരിക്കുന്നൊരു ദൈവമാണ് അവിടുന്ന്. അതിനുവേണ്ടിയാണ് അവൻ ചെറുതായതും പാദങ്ങൾ കഴുകിയതും കുർബാനയായതും. ഏകാന്തതയുടെ തീരത്ത് നാം തനിച്ചാകുമ്പോൾ നമുക്ക് കൂട്ടിരിക്കാനും ജീവിത യാഥാർത്ഥ്യങ്ങളുടെ വെയിലേറ്റു പൊള്ളുമ്പോൾ നമുക്ക് തണലേകാനും എല്ലാത്തിനുമൊടുവിൽ തളർന്നുറങ്ങുമ്പോൾ നമുക്കുവേണ്ടി കാത്തിരിക്കാനും കരുതലാകാനും ക്രിസ്തു നമ്മെ പഠിപ്പിക്കുന്നതിന്റെ ഓർമ.

**ഒന്നാമതായി, സഹോദരന്റെ മുമ്പിൽ ശിരസ്സു നമിച്ച് അവന്റെ പാദം കഴുകാനുള്ള ആഹ്വാനമാണ് പെസഹാ.**

യഹൂദ പാരമ്പര്യമനുസരിച്ച് ഒരു സാധാരണ അടിമപോലും പാദങ്ങൾ കഴുകാറില്ലായിരുന്നു. അതു വിജാതീയ അടിമകൾ ചെയ്യേണ്ടിയിരുന്ന ജോലിയാണ്. അടിമയാണ് എന്നതിന്റെ അടയാളമാണ് അരയിൽകെട്ടുന്ന കച്ച. തന്റെ സ്വത്വബോധംപോലും അടിയറവുവയ്ക്കേണ്ടിവന്നവനാ ണ് അടിമ. അതുകൊണ്ടാണ് ക്രിസ്തുവിന്റെ ഈ പ്രവൃത്തിക്കുമുമ്പിൽ ശിഷ്യന്മാർ പകച്ചുപോകുന്നത്. ഒരു ഗുരുവിന് എങ്ങനെ അടിമയാകാൻ കഴിയും? ജീവിതത്തിൽ ആദരങ്ങളിൽ നിന്നും അവഹേളനങ്ങളിലൂടെയുള്ള തിരോധാനത്തിന്റെ പ്രസക്തിയെന്താണ്? സ്വയമേ അഴുകാൻ വിട്ടുകൊടുക്കന്നവർക്ക് കാലദേശ വ്യത്യാസമില്ലാതെ ജനിമൃതികളിലൂടെ തുളച്ചുകടക്കാനുള്ള അപൂർവ ശക്തിയുണ്ട് എന്ന് ഇവിടെ ക്രിസ്തു കാണിച്ചുതരുന്നു. യഥാർത്ഥത്തിൽ അവർക്കാണ് ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ ആസ്വദി

ക്കാൻ കഴിയുക. ക്രിസ്തുവിന്റെ വാക്കുകളെ  ഒന്നോർത്താൽ മതി. 'ഗോതമ്പുമണി' നിലത്തുവീണ് അഴിഞ്ഞില്ലെങ്കിൽ അത് പ്രയോജനശൂന്യമാണ്. കാരണം, ഓരോ ഗോതമ്പുമണിയിലും സൗഭാഗ്യങ്ങളുടെ കലവറ ഒളിഞ്ഞിരിക്കുന്നുണ്ട്. എന്നാൽ അവ ആസ്വദിക്കണമെങ്കിൽ വീണഴുകാനുള്ള മനസ്സ് വേണം. മറ്റുവാക്കിൽ പറഞ്ഞാൽ ആദരങ്ങളുടെ താബോറിൽനിന്നും അവഗണനയുടെയും അവഹേളനങ്ങളുടെയും കാൽവരിയിലേക്ക് നടന്നടുക്കാത്ത കാലത്തോളം ജീവിതം ഇനിയും അഴിയാത്ത ഗോതമ്പുമണിതന്നെയാണ്. മനസ്സിൽ നനവു പടർത്തുന്ന ഓർമ്മകളെന്നും എളിമപ്പെട്ടവരുടേതാണ്. വലിയവർ നേട്ടങ്ങളുടെ പടിചവിട്ടി ഹൃദയങ്ങളിൽനിന്നും അകലുമ്പോൾ, ചില എളിയ ജന്മങ്ങൾ നേട്ടങ്ങളൊക്കെ ഉപേക്ഷിച്ച് എന്നും മനസ്സിനെ തണുപ്പിച്ച് കൂടെയുണ്ടാകും. ജീവിതം എത്ര പ്രക്ഷുബ്ധമായാലും  ക്രിസ്തുവിന്റെ ഓർമപോലും മനസ്സിന് ഒരു സാന്ത്വനമായി തീരാൻ കാരണം ഇതാണ്. പ്രിയമുള്ളവരേ, എളിമപ്പെടുന്നവരുടെ ജീവിത ത്തിന് ഒരു പ്രത്യേക ചാരുതയുണ്ട്. നാം പോലും അറിയാതെ അവർ നമ്മുടെ അടിവേരുകളെ നനച്ചുകൊണ്ടിരിക്കും. ലോകം കണ്ടതിൽവച്ച് എറ്റവും വലിയ ഗുരു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാൻ തുനിഞ്ഞെങ്കിൽ അവന്റെ ശിഷ്യർ എത്രത്തോളം താഴേണ്ടിയിരിക്കുന്നുവെന്നത് ഊഹിക്കാവുന്നതേയുള്ളൂ.

രണ്ടാമതായി, സ്വയമേ പകുത്തു മുറിച്ചു വിളമ്പുന്നതാണ് പെസഹാ. ചരിത്രത്തിലെ ഏറ്റവും വലിയ വിരുന്നൊരുക്കിയത് ക്രിസ്തുതന്നെയായിരുന്നു. രണ്ടായിരം വർഷങ്ങൾ പിന്നിടുമ്പോഴും അവന്റെ വിരുന്നിന്റെ ഓർമമാത്രം പച്ചകെടാതെ ഒരു അടയാളം കണക്കേ ഇന്നും അനുഷ്ഠിക്കപ്പെടാനുള്ള കാരണം അവന്റെ ബലിയിൽ നിറഞ്ഞിരുന്നത് അവന്റേതായ വിരുന്നു പദാർത്ഥങ്ങളായിരുന്നില്ല, മറിച്ച് അവനായിരുന്നു. അല്ലെങ്കിൽ അവന്റെ ജീവൻതന്നെ ബലിയായി നൽകിയാണ് അവൻ വിരുന്നൊരുക്കിയത്. കാലങ്ങളായി നമ്മൾ നടത്തുന്ന വിരുന്നുകളിലും അനുഷ്ഠാനങ്ങളിലുമൊക്കെ ന

ഷ്ടമാകുന്നതും ഇതുതന്നെയാണ്. ഒന്നിലും ഞാൻ ഇല്ല, എല്ലാത്തിലും എന്റേതുമാത്രമായ ചില വസ്തുക്കളോ, വസ്തുതകളോ ഉണ്ട്. നമ്മുടെയൊക്ക വിരുന്നുമേശകളും അനുഷ്ഠാനങ്ങളുമൊക്കെ ആരെയും സ്പർശിക്കാതെ വെറും പ്രകടനങ്ങളായി മാറാനുള്ള കാരണവും ഇതുതന്നെയാണ്.

ഇത്രനാൾ വിളമ്പിയ വിരുന്നുകൾക്കൊക്കെ ആഘോഷമെന്നേ അർത്ഥമുണ്ടായിരുന്നുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ അന്ത്യവിരുന്നോടുകൂടി അതൊരു ആരാധനയും ആത്മാംശവുമായിത്തീർന്നു. ഓർക്കുക, സ്നേഹത്തിന്റെ പേരിൽ വച്ചുവിളമ്പിയിട്ടുള്ള വിരുന്നുകളെല്ലാം ബലിയായി മാറിയിട്ടുണ്ട്. അത് മനുഷ്യഹൃദയങ്ങളിൽ ഒരു അടയാളം കണക്കേ ഇന്നും അവശേഷിക്കുന്നുമുണ്ട്. ജീവിതമാണ് യഥാർത്ഥ വിരുന്ന്. ജീവിതസാഹചര്യങ്ങളാണ് വിരുന്നുമേശ. ജീവിതത്തെ ധ്യാനിക്കുന്നവരെല്ലാം തങ്ങളുടെ ജീവിതത്തിൽ വിരുന്നൊരുക്കിയവരെ കൃതജ്ഞതയോടെ ഓർമിക്കേണ്ടതുണ്ട്. ഒരു കാലത്ത് പ്രിയപ്പെട്ടവർക്കുവേണ്ടി കത്തിയെരിഞ്ഞ് ഇന്ന് മറവിയുടെ തീരങ്ങളിൽ ഒറ്റക്കായിപ്പോയ വാർധക്യങ്ങൾ, ആരുടെയൊക്കെയോ അരികുചേർന്ന് ജീവിക്കുന്ന, പ്രത്യക്ഷത്തിൽ എങ്ങും ഇടംകിട്ടാതെപോയ സാധുമനുഷ്യർ, പുകയുടെ മറയിലേക്കു തങ്ങളെ ഒളിപ്പിച്ച് അവസാനം പുകയായി മറയുന്ന സ്ത്രീജന്മങ്ങൾ, നമ്മുടെ കണ്ണുകൾ നിറയാതിരിക്കാൻ ഇരുൾമറയിൽ കണ്ണീർമാത്രം പാനം ചെയ്തവർ...അങ്ങനെ എത്രയെത്ര മനുഷ്യർ. ഓർമയിൽ തെളിയുന്നത് മാധവിക്കുട്ടിയുടെ *ദാനം* എന്ന കവിതയുടെ വരികളാണ്.

*എന്നെ തുണ്ടു തുണ്ടായി ഞാൻ വിതരണം ചെയ്യുന്നു,*
*മക്കൾക്കായി ഭർത്താവിനായി മിത്രങ്ങൾക്കായി,*
*ഒടുവിൽ എന്റെ കണ്ണാടിയിൽ*
*ഞാൻ എന്റെ കണ്ണുകളെ മാത്രം കാണുന്നു, കണ്ണുനീരും.*

യഥാർത്ഥത്തിൽ ഒരു സാധുസ്ത്രീയുടെ രോദനമാണിതെങ്കിലും പലരുടെയും ജീവിതവുമായി ഇതിന് അഭേദ്യബന്ധമുണ്ട്. പ്രിയമു

ള്ളവരേ, ജീവിതം പകുത്തുനൽകുന്നതുപോലെതന്നെ പ്രധാനമാണ് പകുത്തുനൽകിയവരെ മറക്കാതിരിക്കുന്നതും.

പെസഹാ ഉയർത്തുന്ന മൂന്നാമത്തെ വെല്ലുവിളി സ്നേഹത്തിന്റെ ഒരു അടയാളമായത്തീരുകയെന്നതാണ്. ക്രിസ്തു ഒരു അടയാളമായിരുന്നു. ഉടയോന്റെ അസ്തമിക്കാത്ത കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളം. കുർബാന ഒരു അടയാളമാണ്, കാലഘട്ടങ്ങളെയും കാഴ്ചപ്പാടുകളെയും സ്നേഹംകൊണ്ടും സഹനംകൊണ്ടും ശൂന്യവത്കരണംകൊണ്ടും തിരുത്തിയെഴുതിയവന്റെ അടയാളം. ഈ കുർബാന സ്വീകരിക്കുന്ന ഏവരും അടയാളമാകേണ്ടവരാണ്. ജീവന്റെയും നിലയ്ക്കാത്ത ജീവപ്രവാഹത്തിന്റെയും അടയാളം. അടയാളങ്ങളാകാൻ കഴിയാതിരിക്കുക എന്നതും ഉള്ള അടയാളങ്ങൾ മാഞ്ഞുപോകുന്നതുമാണ് ഇന്നിന്റെ ദുരന്തം. പുതിയ തലമുറയുടെ ജീവിതത്തിൽ വെളിച്ചം പകരാൻ പോന്ന മനോഹരമായ അടയാളങ്ങളൊന്നും ഇന്ന് അവശേഷിക്കുന്നില്ല. എല്ലാം വെറും കേട്ടുകേൾവികളായി മാറിക്കൊണ്ടിരിക്കുന്നു. ഒരു കാര്യം ഓർത്താൽ നന്ന്; കുർബാന, സ്നേഹംകൊണ്ട് കത്തിയെരിഞ്ഞ ഒരാളുടെ ജീവനാണ്. എന്നിട്ടും ഈ തീക്കട്ട ഭക്ഷിക്കുമ്പോഴും ഉള്ളിൽ സ്നേഹപ്രവാഹങ്ങൾ തുറക്കപ്പെടുന്നില്ലെങ്കിൽ അതിനർത്ഥം ഞാൻ ഇപ്പോഴും ജീവിച്ചുതുടങ്ങിയിട്ടില്ല എന്നാണ്. ജീവൻ ഉള്ളിൽ പിടയുമ്പോഴും പുറമേ മരണത്തിന്റെ അടയാളമായി തീരുന്നതിൽ കവിഞ്ഞ് മറ്റെന്തു ദുരന്തമാണ് മാനവരാശിയെ കാത്തിരിക്കുന്നത്.

പ്രിയമുള്ളവരേ, പെസഹാ ഒരടയാളമാണ്, സ്നേഹിച്ചു കൊതിതീരാത്തവന്റെ അടയാളം. ഈ രഹസ്യങ്ങൾ ഉൾക്കൊണ്ടുകഴിഞ്ഞാൽ പിന്നെ ജീവിതം ദൗത്യനിർവഹണത്തിനുള്ള പ്രയാണത്തിലാകും.

**ഫാ. ബിജു മഠത്തിക്കുന്നേൽ CSsR**

# ഏപ്രിൽ 01
# പെസഹാവ്യാഴം

## ആരാധന

**പരിശുദ്ധ പരമദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ** (3 പ്രാവശ്യം).

ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്ന വചനം മനുഷ്യനോടുള്ള സ്നേഹത്താൽ നമ്മിലൊരുവനായി ഭൂമിയിലേക്ക് ഇറങ്ങിവന്നു. മനുഷ്യന്റെ രക്ഷമാത്രം ആഗ്രഹിച്ച അവിടുന്ന് അനുഗ്രഹത്തിന്റെയും ജീവന്റെയും ഉറവായി അവനിൽ നിത്യം വസിക്കാൻ ആഗ്രഹിച്ചു, അപ്പമായി തന്നെതന്നെ പകുത്തുനൽകി അവനിലേക്ക് ഇറങ്ങിവന്നു. എന്നിൽ മാത്രം വസിക്കാൻ ആഗ്രഹിക്കുന്ന എന്റെ ഈശോ ദിവ്യകാരുണ്യമായി എന്റെ മുമ്പിൽ സന്നിഹിതനായിരിക്കുമ്പോൾ എനിക്ക് അവിടുത്തേക്ക് നൽകാനുള്ളത് സുഖദുഃഖസമ്മിശ്രമായ ഇഹലോകജീവിതത്തിന്റെ അലകളിൽനിന്ന് ഉയരുന്ന ആരാധന മാത്രം.

വഴികളിൽ കൂടെ ആയിരിക്കാനും വഴിയും വഴികാട്ടിയാകാനും അങ്ങേക്കുമാത്രമേ കഴിയുകയുള്ളൂ. അതനുഭവിച്ചറിഞ്ഞുകൊണ്ടാണല്ലോ ചെങ്കടൽ കടന്ന് മറുകരയെത്തിയ മോശ കീർത്തനങ്ങളാൽ ദൈവത്തെ സ്തുതിച്ചുപാടിയത് “കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാണ്. അവിടുന്ന് എനിക്ക് രക്ഷയായ് ഭവിച്ചിരിക്കുന്നു” (പുറ 15:2). “കർത്താവേ, ദേവന്മാരിൽ അങ്ങേക്ക് തുല്യനായി ആരുണ്ട്? കർത്താവേ, വിശുദ്ധിയാൽ മഹത്ത്വപൂർണ്ണനും ശക്തമായ പ്രവർത്തനങ്ങളിൽ ഭീതിദനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ അങ്ങേക്ക് തുല്യനായി ആരുണ്ട്?” (പുറ 15:11). മോശയോട് ചേർന്ന് നമുക്കും ദൈവത്തെ പാടിസ്തുതിക്കാം.

പരമദിവ്യകാരുണ്യമേ
പരമസ്നേഹ സാരൂപ്യമേ
സദതമങ്ങേക്ക് ആരാധന
സ്തുതിയുമെല്ലാ സ്തോത്രങ്ങളും

മഹിയിൽവന്നു മനുജരൊത്തു മേവീടുവാൻ
മഹിമവിട്ടു മനുഷ്യരൂപം കൈകൊണ്ടു നീ
സകലലോകപാപങ്ങളും
ചുമലിലേറ്റി കുഞ്ഞാടു നീ

കുരിശിലേറി നിണമണിഞ്ഞു സ്നേഹാർത്തനായ്
മരണമേറ്റു നരനു നിത്യജീവൻ നൽകാൻ
കരുണയാർന്നീ കൂദാശയിൽ
ഇരപകൽ നീ വാണീടുന്നു.

പ്രതിസന്ധികളും കഷ്ടതയും നിറഞ്ഞ വഴികളിലൂടെയാണ് കർത്താവ് തന്റെ ജനത്തെ എന്നും നയിക്കുന്നത്. ഈജിപ്തിന്റെ അടിമത്വത്തിൽനിന്ന് മോചിതരായ ഇസ്രായേൽ ജനത്തെ ഈജിപ്തിൽനിന്ന് പുറത്തുകൊണ്ടുവന്നത് എളുപ്പവഴിയായ ഫിലിസ്ത്യരുടെ ദേശത്തുകൂടിയല്ല മരുഭൂമിയിലുള്ള വഴിയിലൂടെ ചെങ്കടലിനു നേരെയാണ് നയിച്ചത്. മനുഷ്യാവതാരം ചെയ്ത പുത്രൻപോലും കഷ്ടതയുടെ വഴിയിലൂടെയാണ് രക്ഷാകരകർമം പൂർത്തീകരിച്ചത്. ക്രിസ്തുവിനുവേണ്ടി ആദ്യരക്തസാക്ഷികളായ കുഞ്ഞിപൈതങ്ങൾ തുടങ്ങി അനുദിനം രക്തസാക്ഷിത്വം വരിച്ചുകൊണ്ടിരിക്കുന്ന ഓരോ വിശ്വാസിയും ദൈവം ഒരുക്കുന്ന അസാധാരണമായ വഴികളിലൂടെ ചരിക്കുന്നവരാണ്. മല്ലനായ ഗോലിയാത്തിനെ നേരിടാൻ ആയുധധാരികളായവരെയല്ല കർത്താവ് തിരഞ്ഞെടുത്ത് അയച്ചത്; കല്ലും കവണയും മാത്രമുണ്ടായിരുന്ന ദാവീദിനെയാണ്. ലോകത്തിന്റെ മുഴുവൻ സുവിശേഷവാഹകരാകാൻ വേദപണ്ഡിതന്മാരെയും നിയമജ്ഞരെയുമല്ല നിയോഗിച്ചത് സാധാരണ മത്സ്യത്തൊഴിലാളികളെയും ചുങ്കക്കാരെയുമാണ്.

അസാധാരണമായ ഒരു കാലഘട്ടത്തിൽ ജീവിക്കാൻ നിയോഗിക്കപ്പെട്ടവരാണ് നാമോരോരുത്തരും. ചെങ്കടൽ എന്ന പ്രതിസന്ധിക്കുമുമ്പിൽ പകച്ചുനിന്ന ഇസ്രായേൽ ജനത്തിന് പ്രത്യാശപകരാൻ

വി ശ്വാസത്തിന്റെ വടി നീട്ടിപ്പിടിക്കാനാണ് അവിടുന്ന് ആവശ്യപ്പെട്ട ത്. ഈ കാലഘട്ടത്തിന്റെ പ്രതിസന്ധിയെ അതിജീവിക്കാനുള്ള മാർഗമന്വേഷിച്ചു ശാസ്ത്രം അതിന്റെ വഴിക്ക് സഞ്ചരിച്ചുകൊള്ളട്ടെ. വിശ്വാസികളായ നമുക്ക് വിശ്വാസത്തിന്റെ കരങ്ങൾ ഉയർത്തിപ്പിടിച്ച് പ്രാർ ത്ഥിക്കാം.

പത്തുമഹാമാരികൾകൊണ്ട് ഈജിപ്തുകാരുടെ കഠിനഹൃദയ ത്തിന് പ്രഹരമേൽപ്പിച്ച സർവശക്തനായ ദൈവമേ, അധികാരം ആ സക്തിയായിമാറി, രോഗാതുരമായിരിക്കുന്നു എന്ന തിരിച്ചറിവിലേക്ക് ഞങ്ങളുടെ രാഷ്ട്രനേതാക്കന്മാർ വളരാനും അധികാരം ശുശ്രൂഷ യുടെയും സേവനത്തിന്റെയും പാതയാണെന്ന് ബോധ്യപ്പെടാനും അവർക്ക് ഇടവരുത്തണമേയെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

***ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.***

ആചാരാനുഷ്ഠാനങ്ങളുടെ ആഘോഷപ്രകടനങ്ങളായി മാറിയ തിരുനാളുകൾക്ക് അവധി നൽകിയ കാലഘട്ടമാണിത്. കപടതനി റഞ്ഞ ബലിയർപ്പണത്തിൽ സംപ്രീതനാകില്ലായെന്ന് ശക്തമായ മുന്ന റിയിപ്പ് നൽകിയ ദൈവമേ, തിരുനാളുകളുടെയും ആരാധനയർപ്പണ ത്തിന്റെയും അന്തരാത്മാവിലേക്ക് തിരികെ നടന്ന് എന്നും അങ്ങേ തിരുമുമ്പിൽ ആത്മസമർപ്പണം ചെയ്യുന്ന ഒരു നവസമൂഹത്തിന് രൂപ മേകണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

***ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.***

സ്നേഹം പങ്കുവയ്ക്കേണ്ട കുടുംബത്തിൽ നിൽക്കാൻ സമയ മില്ലാതെ ജീവിതവ്യഗ്രതയാൽ ഓടിയ മനുഷ്യനെ കുടുംബത്തിൽ തളച്ചിടുകയായിരുന്നു ഈ കാലഘട്ടത്തിൽ. ത്രിയേകദൈവത്തിന്റെ കൂട്ടായ്മയും ചൈതന്യവും പരസ്പരവിധേയത്വവുമാണ് ഞങ്ങളുടെ കുടുംബങ്ങൾക്ക് ഇന്ന് ആവശ്യമായിട്ടുള്ളത്. ഞങ്ങൾ മുറിപ്പെടു ത്തിയ കുടുംബബന്ധങ്ങൾക്ക് സൗഖ്യം പകരാനുള്ള ആത്മാഭിഷേ കം നൽകണമെയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

***ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.***

ഈ കാലഘട്ടത്തിൽ അങ്ങയുടെ കരുണയുടെ മുഖം ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കാൻ അങ്ങ് നിയോഗിച്ചിരിക്കുന്ന ആരോഗ്യപ്രവർത്തകർ, ഡോക്ടർമാർ, നഴ്സുമാർ, നീതിപാലകർ ഇവരെ അങ്ങയുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. സകലരും ഭയന്ന് അകന്ന് നിൽക്കുമ്പോഴും അടുത്തുനിന്ന് ശുശ്രൂഷ, ദൗത്യം നിറവേറ്റുന്ന ഇവർക്കുചുറ്റും ദൈവിക സംരക്ഷണവലയം തീർക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

***ദിവ്യകാരുണ്യനാഥാ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.***

വ്യക്തിപരമായ നിയോഗങ്ങൾ സമർപ്പിച്ചു നിശബ്ദമായി പ്രാർത്ഥിക്കാം.

**സമാപനപ്രാർത്ഥന**

ഈജിപ്തുദേശത്തുനിന്ന് വന്ന ജനത്തെയുംകൂട്ടി സീനായ് വിടാൻ കർത്താവ് കൽപ്പിക്കുമ്പോൾ അങ്ങയുടെ വഴികൾ എനിക്ക് കാണിച്ചുതരികയെന്ന് പറഞ്ഞ മോശയ്ക്ക് നൽകിയ ഉറപ്പ് ഇത്രമാത്രമായിരുന്നു: “ഞാൻ നിന്നോടുകൂടെ വരുകയും നിനക്ക് ആശ്വാസം നൽകുകയും ചെയ്യും” (പുറ 33:14). ഇതിന് മോശനൽകിയ മറുപടി: “അങ്ങ് ഞങ്ങളോടൊത്തു യാത്ര ചെയ്യുമെങ്കിൽ, ഞാനും അങ്ങയുടെ ജനവും ഭൂമുഖത്തുള്ള എല്ലാ ജനതകളിൽനിന്നും വ്യത്യസ്തമായിരിക്കും” (പുറ 33:16) എന്നായിരുന്നു. അതിജീവനത്തിന്റെ ഈ യാത്രയിൽ കർത്താവ് കാണിച്ചുതരുന്ന വഴികളിലൂടെമാത്രം യാത്ര ചെയ്യാനുള്ള കൃപയ്ക്കായ് പ്രാർത്ഥിച്ചുകൊണ്ട് അവിടുത്തെ ആശീർവാദം സ്വീകരിക്കാം.

**ഫാ. ആന്റണി കുഴിവേലിൽ**

# ഏപ്രിൽ 02

## ദുഃഖവെള്ളി

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13).

ദൈവം തന്റെ സ്നേഹഭാജനമായ മാനവകുലത്തോട് പ്രകടമാക്കിയ സ്നേഹത്തിന്റെ പ്രഘോഷണദിനമാണ് ദുഃഖവെള്ളി. തന്റെ ഏകജാതനെ ബലിയായി നൽകിയ ദൈവത്തിന്റെ സ്നേഹത്തിന് നിസ്വാർത്ഥമായ ലക്ഷ്യങ്ങൾ മാത്രമാണുള്ളത്;

1. അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കാൻ (യോഹ 3:16),

2. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയന്റെ ഭാവം വെളിപ്പെടുത്താൻ (10:15),

3. ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനും (യോഹ 10:10),

4. മിശിഹാ ആയിരിക്കുന്നിടത്ത് അവനിൽ വിശ്വസിക്കുന്നവരും ആയിരിക്കേണ്ടതിന് (യോഹ 14:3),

5. എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷിച്ച് രക്ഷനൽകാൻ (യോഹ 12:32).

യോഹന്നാൻ സുവിശേഷകൻ നൽകുന്ന ഏതാനും വചനങ്ങളാണ് സൂചിപ്പിച്ചത്. നാം നശിക്കാതിരിക്കാൻ നമ്മെ സ്നേഹിച്ച് നമ്മുടെ ശിക്ഷകൾ ഏറ്റെടുത്ത സ്നേഹിതനായ ദൈവത്തെ കണ്ടെത്തുന്ന സുന്ദരദിനമാണിത്.

മകനേ, മകളേ, ഞാൻ നിന്നെ ഇത്രമാത്രം സ്നേഹിക്കുന്നുവെന്ന് തന്റെ ആണിപ്പഴുതാർന്ന കൈകാലുകൾ തുറന്ന് കാണിക്കുന്ന ലോകരക്ഷകൻ തന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുന്ന തന്റെ പ്രിയ

പ്പെട്ടവരോട് ഹൃദയവേദനയോടെ മന്ത്രിക്കുന്ന തിരുവചനം: “നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും” (യോഹ 13:35)എന്നതാണ്.

അന്ത്യത്താഴത്തിലെ പാദക്ഷാളനത്തിലും കാൽവരിയിലെ പരമയാഗത്തിലും സ്നേഹത്തിന്റെ നിലയ്ക്കാത്ത പ്രവാഹമായി ഈശോ മാറിയപ്പോൾ, അവന്റെ ശിഷ്യഗണത്തെ തിരിച്ചറിയാനുള്ള ഏകമാർഗം പരസ്പരസ്നേഹത്തിന്റേതാണെന്ന് അവൻ ആവർത്തിച്ചു. ഭക്തിയോടെ കുരിശിന്റെവഴി ചൊല്ലി, പീഡാനുഭവരംഗങ്ങൾ ധ്യാനിച്ച് കണ്ണീരൊഴുക്കി, കയ്പുനീരുനുകർന്ന് ഗുരുവിനോട് താദാത്മ്യം പ്രാപിക്കുന്ന, ഉപവാസത്തോടും ത്യാഗത്തോടുംകൂടെ ഗുരുവിനോടുള്ള സ്നേഹം പ്രകടമാക്കുന്ന ശിഷ്യനോട് ഗുരുവിന് ഒന്നേ പറയാനുള്ളൂ “നിങ്ങളുടെ പരസ്പരസ്നേഹംനിമിത്തം നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയട്ടെ.”

*അടുത്തു നില്പോരനുജനെ*

*നോക്കാനക്ഷികളില്ലാത്തോനരൂപ*

*നീശ്വരനദൃശ്യനായാൽ അതിലെന്താശ്ചര്യം* എന്ന കവിയുടെ ഓർമപ്പെടുത്തൽ പ്രസക്തമാണ്. വിനയത്തിന്റെയും സ്നേഹത്തിന്റെയും മേലങ്കിയണിഞ്ഞ് ക്രൂശിതന്റെ സഹനജീവിതം ഏറ്റെടുക്കുന്നതിന്റെ ഭാഗ്യം ഉദ്ഘോഷിക്കുന്ന ദിനമാകട്ടെ ഇന്ന്. “ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു” (ഫിലി 1:29). സ്നേഹത്തോടെയുള്ള സഹനത്തിന് മാത്രമേ ജീവന്റെ സമൃദ്ധി നൽകാനാവൂ. സ്നേഹത്തോടെ സഹിക്കുന്നതിന്റെ ആനന്ദം ക്രൂശിതനിൽനിന്ന് സ്വന്തമാക്കുന്ന ശിഷ്യന് ഊർജം പകരുന്ന ഓർമകളുടെ ദിനമാണിന്ന്. കുരിശിൽ നിന്നൊഴുകുന്ന തിരുരക്തത്താൽ, അഹത്തെ കഴുകി, സ്വാർത്ഥം അകറ്റി സ്നേഹത്തിന്റെ സുവിശേഷകരാകാൻ അവൻ നമ്മെ വെല്ലുവിളിക്കുന്നു. ഒറ്റിക്കൊടുത്തവനെ ‘സ്നേഹിതാ’ എന്ന് വിളിച്ചവൻ, ക്രൂശിച്ചവർക്ക് ക്ഷമനൽകണേ എന്ന് പ്രാർത്ഥിച്ചവൻ, തന്നോട് സഹതപിച്ചവന് പറുദീസ വാഗ്ദാനം ചെയ്തവൻ, തന്റെ വിലാപ്പുറത്ത് കുത്തിയവനിലേക്ക് സൗഖ്യത്തി ന്റെ

സമാശ്വാസം പകർന്നവൻ ജീവൻ പകരാൻ നമ്മെയും ക്ഷണിക്കുകയാണ്.

ഈ കദനവെള്ളിയിൽ അനേകരുടെ രക്ഷയ്ക്ക് കാരണക്കാരനാകാൻ, അവനോട് ചേർന്നുനിൽക്കാൻ എനിക്കാവുമോ? എന്നെ അവഹേളിക്കുന്നവരോടും വ്യാജാരോപണങ്ങളിലൂടെ എന്റെ സത്പേര് തകർക്കുന്നവരോടും എനിക്കുള്ള മനോഭാവം ക്രൂശിതന്റേതുതന്നെയോ? പടലപിണക്കങ്ങളുടെപേരിൽ എന്റെ സ്നേഹവലയത്തിൽ നിന്ന് അകറ്റപ്പെട്ടവരെ ചേർത്തുപിടിക്കാൻ എനിക്കാവുമോ? നസ്രായൻ പഠിപ്പിച്ച പാഠങ്ങൾ സ്വന്തമാക്കി അവന് ഇന്നും ജീവിക്കാൻ, വീഥിയൊരുക്കാൻ ഞാൻ ഇനിയും എത്ര കുരിശുവഴികൾ താണ്ടണം? വെളിപ്പെടാതിരിക്കുന്ന മഹത്ത്വത്തെപ്രതി ഇന്നിന്റെ കഷ്ടതകളെ കൃപകളാക്കി മാറ്റാൻ ഞാൻ ശ്രമിക്കാറുണ്ടോ? കുരിശും ക്രൂശിതനും എന്റെ ആവേശവും ആനന്ദവുമാകുമ്പോൾ എന്റെ സകലപ്രവൃത്തികളും അവന്റെ സ്നേഹത്തിന്റെ നിറഞ്ഞൊഴുകലാകുമെന്ന് ഞാൻ തിരിച്ചറിയുന്നുണ്ടോ?

സ്നേഹത്തിന്റെ കണ്ണികൾ സുദൃഢമാക്കി അവന്റെ ശിഷ്യത്വം ലോകത്തിൽ പ്രകടമാക്കാൻ നമുക്കും പരിശ്രമിക്കാം. "ശരീരത്തിൽ പീഡനമേറ്റ ക്രിസ്തുവിന്റെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ ശരീരത്തിൽ സഹിച്ചിട്ടുള്ളവൻ പാപത്തോടു വിടവാങ്ങിയിരിക്കുന്നു (1 പത്രോ 4:1). ആദിയിൽ ഉണ്ടായിരുന്ന ദൈവംതന്നെയായ വചനം മാംസംധരിച്ച് ശരീരത്തിൽ പീഡനമേറ്റപ്പോൾ മനുഷ്യവംശത്തിനുമുഴുവൻ പാപത്തിൽനിന്ന് വിടുതൽ നൽകി. അവന്റെ ഭൗതികശരീരത്തിലെ പീഡകൾ വിശുദ്ധീകരണത്തിന്റെയും രക്ഷയുടെയും സൗഖ്യത്തിന്റെയും തിരുമുറിവുകളായി. "അവന്റെ മുറിവിനാൽ നാം സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ 2:24).

എന്നാൽ ഇന്ന് അവന്റെ മൗതികശരീരമായ സഭ വിവിധ രീതികളിൽ പീഡനവിധേയയാകുമ്പോൾ ദുഃഖവെള്ളിയിലെ ക്രൂശിതനും അവനിലൂടെ ലഭ്യമായ രക്ഷയും പുനരാവർത്തിക്കപ്പെടുകയാണ്. "അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്. അവൻ എല്ലാറ്റിന്റെയും ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാണ്. ഇങ്ങനെ എല്ലാ കാര്യങ്ങളിലും അവൻ പ്രഥമസ്ഥാനീയനായി" (കൊളോ

1:18). 2000 ലധികം വർഷങ്ങളായി അവന്റെ ശരീരമാകുന്ന സഭയെ തകർക്കാൻ സാമ്രാജ്യങ്ങളും രാജാക്കന്മാരും ഭരണകൂടങ്ങളും കിണഞ്ഞുശ്രമിക്കുന്നു. പത്രോസാകുന്ന പാറമേൽ അടിസ്ഥാനമിട്ട ഈ ശരീരത്തെ പീഡിപ്പിക്കാം;പക്ഷേ തകർക്കാനാവില്ലെന്ന് കാലം തെളിയിച്ച യാഥാർത്ഥ്യമാണ്. കാരണം, ശിരസ്സായ ക്രിസ്തു നൽകിയ വെളിച്ചം ഈ ശരീരത്തെ ഓരോ പീഢകളിലും കൂടുതൽ പ്രശോഭിതമാക്കി ലോകത്തിന്റെ വിശുദ്ധീകരണത്തിന് ഉപയോഗിക്കുന്നു. വാളിനിരയാക്കിയപ്പോഴും കല്ലെറിയപ്പെട്ടപ്പോഴും വന്യമൃഗങ്ങൾക്ക് ഭക്ഷണമായി നൽകപ്പെട്ടപ്പോഴും ജീവനോടെ കത്തിച്ചപ്പോഴും ജയിലറകളിൽ പട്ടിണിക്കിട്ടപ്പോഴും അവന്റെ ശരീരത്തിലെ അവയവങ്ങളായ സഭാമക്കൾ തങ്ങളുടെ ചുടുനിണത്താൽ ലോകരക്ഷകനായ തങ്ങളുടെ ഗുരുവിന്റെ രക്ഷയിലേക്ക് ലോകത്തെ നയിക്കുകയായിരുന്നു.

രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭ ഇന്നും എന്നും പീഡനങ്ങൾ ഏൽക്കുന്നുണ്ട്. മുസ്ലീം തീവ്രവാദത്തിന്റെ ക്രൂരതയിൽ ദിനംപ്രതി മരിച്ചുവീഴുന്ന അനേകം ക്രിസ്ത്യാനികൾ വിവിധരാജ്യങ്ങളിൽ തങ്ങളുടെ ശിരസ്സായ ക്രിസ്തുവിന്റെ ദുഃഖവെള്ളിയുടെ സാക്ഷികൾതന്നെയാണ്. വ്യാജാരോപണങ്ങളിലൂടെ അന്യായമായി കുറ്റം വിധിച്ച് ജയിലിലടയ്ക്കപ്പെട്ട ഫാ. സ്റ്റാൻ സ്വാമിയും മറ്റനേകരും ഈ ക്രൂശിതന്റെ ശരീരത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുമ്പോഴാണ് അവന്റെ ദുഃഖവെള്ളിയുടെ ആവർത്തനങ്ങൾ വ്യക്തമാകുന്നത്. 'സഭ' എന്ന രണ്ടക്ഷരം ചാനൽ ചർച്ചക്കാരുടെയും സ്വകാര്യമാധ്യമകോമരങ്ങളുടെയും ഇരയായി അകാരണമായി പിച്ചിചീന്തപ്പെടുമ്പോൾ സാവൂളിനോട് പറഞ്ഞ വാക്കുകൾ അവൻ ആവർത്തിക്കുന്നു. "സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നത് എന്തുകൊണ്ട്? ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്" (അപ്പ 26:14).

ക്രിസ്തുവും അവന്റെ ശരീരമായ സഭയും ഒന്നാണ് എന്നതിന് വേറെ തെളിവുകൾ ആവശ്യമില്ല. പട്ടിണിമരണങ്ങൾ പെരുകുമ്പോഴും തെരുവിൽ അലയുന്ന ജീവിതങ്ങൾ നിലവിളിക്കുമ്പോഴും ചികിത്സയ്ക്ക് വകയില്ലാതെ പാവപ്പെട്ടവർ നെടുവീർപ്പിടുമ്പോഴും സാമ്പത്തിക ഭാരത്താൽ പഠനം വഴിമുട്ടുമ്പോഴും ചാരിത്രശുദ്ധി വിലമതി

ക്കുന്നതിന്റെ പേരിൽ അവഹേളിക്കപ്പെടുമ്പോഴും മാതാപിതാക്ക ളാൽ പരിത്യക്തരായി നിഷ്കളങ്കരായ കുഞ്ഞുങ്ങൾ അനാഥത്വത്തി ലേക്ക് തള്ളപ്പെടുമ്പോഴും ജീവിതസായാഹ്നത്തിൽ മക്കളാൽ തഴ യപ്പെട്ട് സ്നേഹിക്കാനാരുമില്ലാതെ നൊമ്പരപ്പെടുന്ന വാർധക്യങ്ങൾ പെരുകുമ്പോഴും ദുഃഖവെള്ളികൾ തുടരുകയാണ്. ക്രൂശിതനോടുള്ള സ്നേഹം, അവന്റെ രക്തത്താൽ വിലയ്ക്കുവാങ്ങപ്പെട്ട സഭയോടും സഹജീവികളോടുമുള്ള സ്നേഹമായി രൂപാന്തരപ്പെടട്ടെ. സഭയോടും സഹോദരങ്ങളോടുമുള്ള വിശ്വസ്തതയോടും സ്നേഹത്തോടും കൂടെ ആത്മാക്കളുടെ രക്ഷയ്ക്കും മാനവകുലത്തിന്റെ സമഗ്രവി മോചനത്തിനുമായി നമ്മുടെ ജീവിതങ്ങൾ സമർപ്പിക്കപ്പെടുമ്പോഴാ ണ് ദുഃഖവെള്ളിയിൽനിന്ന് ഉത്ഥാനത്തിലേക്ക് അനേകരുടെ ജീവി തങ്ങൾ തളിരിടുന്നത്.

കുരിശിൽനിന്ന് ദിവ്യകാരുണ്യത്തിലേക്ക് പകർന്നൊഴുകുന്ന രക്ഷ, പരിശുദ്ധാത്മാവിലൂടെ കൂദാശകൾവഴി നമ്മിലേക്ക് പകരപ്പെ ടുമ്പോൾ സഭാഗാത്രത്തെ പടുത്തുയർത്താനും ജീവകാരുണ്യ ത്തിന്റെ അപ്പസ്തോലരാകാനും അവൻ നമ്മെ നിർബന്ധിക്കുന്നു. അഥവാ അവനോടുള്ള സ്നേഹം നമ്മെ നിർബന്ധിക്കുന്നു.

ഈ വെല്ലുവിളി ഏറ്റെടുത്ത് യഥാർത്ഥ ശിഷ്യത്വത്തിന്റെ നിറ വിലേക്ക് വളരാൻ നമുക്ക് പരിശ്രമിക്കാം. ക്രൂശിൻ നിഴലിൽ അവൻ നമ്മെ സംരക്ഷിക്കട്ടെ. അവന്റെ ഉത്ഥാന മഹത്ത്വം നമ്മെ പ്രകാശി പ്പിക്കട്ടെ.

**ഫാ. ജിബിൽ കുഴിവേലിൽ**

# ഏപ്രിൽ 04
# ഈസ്റ്റർ

## ഉയിർക്കാം നാഥനോടൊപ്പം

നഗരത്തിലെ ഷോപ്പിങ്മാളിൽവച്ച് ഐ.എ.എസ് ഉദ്യോഗസ്ഥൻ അപ്രതീക്ഷിതമായി തന്റെ പ്രൈമറി അധ്യാപികയെ കണ്ടുമുട്ടിയപ്പോൾ പോക്കറ്റിൽനിന്ന് ഒരു പേനയെടുത്ത് ടീച്ചർക്ക് നേരെ ചൂണ്ടി ചോദിക്കുന്നു, “എന്നെ ഓർമ്മയുണ്ടോ? ഈ പേന ഓർമ്മയുണ്ടോ? സ്കൂളിലെ ഗതകാലസ്മരണകളിലേക്ക് ടീച്ചർ തിരിഞ്ഞുനോക്കുകയാണ്. ക്ലാസ്സിലെ വികൃതിപയ്യനായ ഹേമന്ത്, മൂന്നാം ക്ലാസ്സിലായിരിക്കുമ്പോൾ ടീച്ചർ കൊടുത്ത കടുപ്പമേറിയ പ്ലേഗ്രൗണ്ട് ടാസ്ക്കുകളും അതിൽ വിജയിയായ ഹേമന്തിന് സമ്മാനമായി കൊടുത്ത ചുവന്ന പേനയും ഓർമ്മയുടെ കുസൃതിച്ചെപ്പ് തുറന്ന് പുറത്തേക്കുവന്നു. അന്ന് ലഭിച്ച കൊച്ചുസമ്മാനമായ പേന ഇന്നും അമൂല്യനിധിയായാണ് ഈ ഐ.എ.എസ്കാരൻ കരുതുന്നത്. ‘ചാപ് റ്റർ’ എന്ന പേരിൽ ഒരു സ്കൂളിൽനിന്ന് പുറത്തിറക്കിയ ഷോർട്ട്ഫിലിമിന്റെ ത്രഡാണിത്. മൂന്നാം ക്ലാസ്സിൽ ടീച്ചർ സമ്മാനിച്ച പേന ഹേമന്തിന്റെ ഐ.എ.എസ് സ്വപ്നത്തിന് പ്രചോദനമാകുന്നു. 2020 വർഷങ്ങൾക്ക് മുൻപ് ചരിത്രത്തിലിടംപിടിച്ച ഒരു ഉയിർപ്പ് വലിയൊരു പ്രചോദനത്തിന്റെ ഏടാണ്. കത്തോലിക്കാസഭ ലോകാതിർത്തികളിലേക്ക് പ്രഘോഷിക്കപ്പെട്ട പ്രചോദനഗാഥ. വിശുദ്ധ പൗലോസ് പറയുന്നതുപോലെ “ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം” (1 കോറി 15:14). ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനമായ യേശുക്രിസ്തുവിന്റെ ഉയിർപ്പിലൂടെ സഞ്ചരിക്കുമ്പോൾ പ്രചോദനങ്ങളിലേക്ക് നമ്മളും ഉണരണം.

**1. ഉയിർപ്പിക്കപ്പെടേണ്ട കുടുംബജീവിതങ്ങൾ:** വില്ല്യം ഷേക്സ്പിയറിന്റെ *മാക്ബത്തിൽ* ലേഡിമാക്ബത്തിന്റെ ദുരന്തപര്യവസായിയായ ജീവിതത്തെ മരണം മാടിവിളിക്കുമ്പോൾ കഥാനായകൻ

ജീവിതത്തിൽ കൊടുക്കുന്ന വിശദീകരണം Full of sound and fury signifyig nothing എന്നാണ്. ഓളത്തിലും ബഹളത്തിലുംപെട്ട് ഒന്നു ംകുറിക്കപ്പെടാതെപോകുന്ന മർത്യജന്മങ്ങൾ എന്നിതിനെ പരിഭാഷ പ്പെടുത്താം. ഒന്നിരുന്നവലോകനം ചെയ്യുമ്പോൾ കുടുംബജീവിത മൊക്കെ വെറും ബഹളമയമായി പൊയ്ക്കൊണ്ടിരിക്കുകയാണെന്ന് ബോധ്യപ്പെടും. ന്യൂക്ലിയർ കുടുംബങ്ങളിലെ തിരക്കുപിടിച്ച കുടും ബനാഥനും ഫെമിനിസ്റ്റ് ചിന്തകളുടെ അനുവദനീയ പരിധിവിട്ട് ഡബി ൾ തിരക്കിലായ കുടുംബനാഥയും വിശ്വാസപരിശീലനത്തിന്റെ ഫോ ക്കസിൽ നിന്നുമാറി മൊബൈൽ ജീവിതത്തിലേക്ക് പൂർണമായും കൂടുമാറിയ നമ്മുടെ മക്കളുമൊക്കെ ബഹളത്തിൽ, ആൾക്കൂട്ടത്തി ന്റെ ശബ്ദത്തിൽപ്പെട്ടിരിക്കുകയാണ്. ഇക്കൂട്ടരോടൊക്കെ 'എന്ത് നേ ടി' എന്ന് ചോദിച്ചാൽ 'കാതലായി ഒന്നുംതന്നെ നേടിയില്ല' എന്നാ യിരിക്കും ആത്മാർത്ഥമായ മറുപടി. അതുകൊണ്ട് ഉയിർപ്പുഞ്ഞായ റിൽ കുടുംബജീവിതത്തിലെ മൂല്യങ്ങളിലേക്കുള്ള ഉയിർപ്പാകാം. ബ ഹളത്തിന്റെയും ഓളത്തിന്റെയും ജീവിതശൈലി കുടുംബജീവിത ക്രമം തെറ്റിച്ചിട്ടുണ്ടെങ്കിൽ ദൈവത്തിനും കുടുംബത്തിനുംവേണ്ടി സം ലഭ്യരായിക്കൊണ്ട് തിരിച്ചുപിടിക്കാം ഉയിർപ്പുജീവിതം.

**2. ഉയിർപ്പിക്കപ്പെടേണ്ട സമൂഹജീവിതങ്ങൾ:** ഓരോ മനു ഷ്യനും സമൂഹജീവിയാണ്. സന്ന്യാസസമൂഹങ്ങളെപ്പോലെ നിര വധി കുടുംബങ്ങൾ ഒത്തുചേരുന്ന വലിയസമൂഹമായ ഇടവകയിലും നമ്മളൊക്കെ പ്രവർത്തിക്കുന്ന ഇടങ്ങളിലും ഈ സാമൂഹികമായ ഉയിർപ്പ് അനിവാര്യമാണ്. കോറിന്തോസ് സഭയിലെ, ദൈവജനത്തെ പൗലോസ് ശ്ലീഹാ വിളിക്കുന്നത് “നിങ്ങൾ ദൈവത്തിന്റെ ലിഖിത” മെന്നാണ് (2 കോറി 3:3) മഷികൊണ്ടല്ല, ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ട്, കൽഫലകങ്ങളിലല്ല, ഹൃദയഫലകങ്ങളിൽ എഴു തപ്പെട്ടിട്ടുള്ള ലിഖിതങ്ങളാണ് നമ്മളെന്ന് തിരിച്ചറിയുമ്പോൾ നമ്മുടെ സമൂഹജീവിതത്തിലും ഉയിർപ്പായി. എബ്രഹാം ലിങ്കനോട് താങ്കൾ ക്കുവേണ്ടി ഞാൻ മരിക്കാൻ തയ്യാറാണ് എന്നൊരു പടയാളി പറ ഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നത്രേ. എനി ക്കുവേണ്ടി ഇരുപത്തിയയ്യായിരം പടയാളികൾ മരിക്കാൻ തയ്യാറാ യിട്ടുണ്ട്, പക്ഷേ എന്റെ ആവശ്യം ഒരാളെങ്കിലും എനിക്കുവേണ്ടി ജീവിക്കാനാണ്. ക്രിസ്തുവിന്റെ മൂല്യങ്ങളും ഉയിർപ്പിന്റെ സന്ദേശവും

പ്രഘോഷിക്കുന്ന സാക്ഷ്യജീവിതങ്ങളാണ് സമൂഹജീവിതത്തിന്റെ കരുത്ത്. അതുകൊണ്ട് സാക്ഷ്യജീവിതങ്ങളിലേക്ക് ഉയിർക്കാം. അവിടെ വെല്ലുവിളികളുണ്ട് അതോടൊപ്പം സന്തോഷത്തിന്റെ പാരമ്യവുമുണ്ട്.

**3. ഉയിർപ്പിക്കപ്പെടേണ്ട നവരാഷ്ട്രനിർമിതി:** സച്ചിദാനന്ദൻ ജനാധിപത്യത്തെ നിർവചിക്കുന്നതിപ്രകാരമാണ്:

"മനുഷ്യർ രണ്ടു തരമുണ്ട്, ഞങ്ങളും നിങ്ങളും, ഞങ്ങളെ നിർവചിക്കാൻ പല വഴികളുണ്ട്: ഒരു ജാതി, ഒരു മതം ഒരു ദേശം, ഒരു കക്ഷി ഒരു കൊടി, ഒരു ശത്രു നിങ്ങളെ നിർവചിക്കാൻ എളുപ്പമാണ്. ഞങ്ങളല്ലാത്തവർ."

നവമാധ്യമയുഗത്തിൽ ജനാധിപത്യസമ്പ്രദായങ്ങളും പുനർവ്യാഖ്യാനം ചെയ്യപ്പെടുകയാണ്. പാവപ്പെട്ടവന്റെ നിലവിളികളും സത്യത്തിന്റെ ഒറ്റപ്പെട്ട ശബ്ദങ്ങളും അടിച്ചമർത്തപ്പെടുകയാണ്. രാഷ്ട്രീയത്തിന്റെ പുതുമോഡലുകളുടെ അനുരണനങ്ങൾ നമ്മുടെ ബന്ധങ്ങളെ ശിഥിലമാക്കിക്കൂടാ. ജനക്കൂട്ടത്തിന്റെ ഇംഗിതത്തിന് കർത്താവ് ചുമ്മാ നിന്നുകൊടുത്താൽമതിയായിരുന്നു; അവർ പിടിച്ച് രാജാവാക്കിയേനെ. പക്ഷേ, നിന്റെ രക്ഷകൻ പീഡാനുഭവവും മരണവും അതുവഴി ഉയിർപ്പും തിരഞ്ഞെടുത്തു. സഹിക്കുന്നിടങ്ങളിലൊക്കെ ഉയിർപ്പുണ്ട്. നമ്മുടെ രാഷ്ട്രവും സഭയും സന്ന്യാസസമൂഹങ്ങളും ജീവിതരീതികളും ഉയിർപ്പിക്കപ്പെടേണ്ടിയിരിക്കുന്നു; പാവപ്പെട്ടവന്റെ പക്ഷം ചേരുന്ന ഉത്ഥിതന്റെ സമഭാവനയിലേക്ക്! വേറിട്ടസ്വരങ്ങളെ ഉൾക്കൊള്ളുന്ന മനസ്സിന്റെ വലുപ്പത്തിലേക്ക്! അധികാരസ്ഥാനങ്ങളിലിരിക്കുമ്പോഴും എളിയവരിലേക്കിറങ്ങിച്ചെല്ലുന്ന സമദൂരസങ്കൽപ്പങ്ങളിലേക്ക്! പ്രചോദനമാകേണ്ട ഉയിർപ്പുതിരുനാൾ മംഗളങ്ങൾ!

**ഡോ. ആൻസൻ പാണേങ്ങാടൻ CMI**

# ഏപ്രിൽ 11
# പെസഹാക്കാലം 2-ാം ഞായർ

## ഭാഷ്യം

### അപ്പ 4:32-35; 1 യോഹ 5:1-6; യോഹ 20:19-31

### സന്ദർഭം

യേശുവിന്റെ ഉത്ഥാനവിവരണ സംഭവങ്ങൾ യോഹന്നാൻ 20 , 21 അധ്യായങ്ങളിലാണ് നല്കുന്നത്. 20-ാം അധ്യായത്തിൽ വിവരിക്കപ്പെടുന്ന മൂന്ന് ഉത്ഥാന വിവരണ സംഭവങ്ങൾക്ക് ഒരു കാലക്രമമുണ്ട്: 1) ശൂന്യമായ കല്ലറയും യേശു മഗ്ദലേന മറിയത്തിനു പ്രത്യക്ഷപ്പെടുന്നതും (20:1-18) ഉയിർപ്പ് ഞായർ പ്രഭാതത്തിലാണ്. 2) ശിഷ്യർക്ക് യേശു പ്രത്യക്ഷപ്പെടുന്നത് (20:19-23) അന്നേ ദിവസം സന്ധ്യയ്ക്കാണ്; 3) തോമസ് ഉൾപ്പെടുന്ന ശിഷ്യഗണത്തിന് യേശു പ്രത്യക്ഷപ്പെടുന്നത് (20:24-31) ഒരാഴ്ചകഴിഞ്ഞാണ് (ഉയിർപ്പ് കഴിഞ്ഞുള്ള ഞായർ). ഉത്ഥാനവുമായി ബന്ധപ്പെട്ട ഈ മൂന്നു വിവരണങ്ങളിലും യേശുവിന്റെ ശിഷ്യർക്കും ചില വ്യക്തികൾക്കും പ്രത്യേക പരിഗണന ഉണ്ടെന്ന് മനസ്സിലാക്കാം. ഒന്നാം ഘട്ടത്തിൽ പത്രോസ്, പ്രിയശിഷ്യൻ, മഗ്ദലേന മറിയം എന്നിവരും; രണ്ടാം ഘട്ടത്തിൽ ശിഷ്യരും; മൂന്നാം ഘട്ടത്തിൽ തോമസുമാണ് പ്രത്യേകം പരാമർശിക്കപ്പെടുന്നത്. ഇന്നത്തെ സുവിശേഷഭാഗം 20-ാം അധ്യായത്തിലെ യേശുവിന്റെ ഉത്ഥാന വിവരണവുമായി ബന്ധപ്പെട്ട രണ്ടും മൂന്നും ഘട്ടങ്ങളാണ്.

### സാരം

1. മഗ്ദലേന മറിയത്തിന് പ്രത്യക്ഷപ്പെട്ടതിനുശേഷം (20:11-18) യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു (20:19-24). ഇവിടെ 'ശിഷ്യർ' (disciples) എന്ന പദത്തിൽ '11 ശിഷ്യർ' (യൂദാസ് സ്കറിയോത്ത ഒഴികെ) അഥവാ '10 ശിഷ്യർ' (യൂദാസും തോമസും ഒഴികെ) എന്ന സൂചനയല്ല സുവിശേഷകൻ അർത്ഥമാക്കുന്നത്; മറിച്ച്, യേശുവിൽ

വിശ്വാസമർപ്പിച്ച ഒരു സമൂഹത്തെയാണ്. ഈ വിശ്വാസസമൂഹം 'യഹൂദരോടുള്ള ഭയം നിമിത്തം' അടഞ്ഞ ഒരു മുറിക്കുള്ളിൽ ആയിരുന്നു. യഹൂദരുമായി നിരന്തരം സംഘർഷത്തിലായിരുന്ന സുവിശേഷകന്റെ ആദ്യ ശ്രോതാക്കൾ (Johannine Community) ഭയത്തിന്റെ നിഴലിലായിരുന്നു എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇവർ അനുഭവിച്ചിരുന്ന ഭയത്തെ സുവിശേഷകൻ ആദ്യ ശിഷ്യരുടെ അവസ്ഥയുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നു. ഈ ഭയത്തിന്റെ നടുവിലാണ് "നിങ്ങൾക്ക് സമാധാനം" എന്നരുൾചെയ്തുകൊണ്ട് യേശു പ്രത്യക്ഷപ്പെടുന്നത്. യേശു പറയുന്ന 'നിങ്ങൾക്ക് സമാധാനം' എന്ന വാക്കുകൾ ഒരു സാധാരണ ആശംസയായി പരിഗണിക്കാമെങ്കിലും (റോമാ 1:7; 1 കോറി 1:3; 2 കോറി 1:3; ഗലാ 1:3) ഇതിന് മറ്റൊരു പ്രസക്തിയുണ്ട്. യേശു ആശംസിച്ച സമാധാനം ആദ്യ ശിഷ്യരെ അവരുടെ ഭയത്തിൽനിന്നും മോചിപ്പിക്കാൻ എത്രമാത്രം സഹായകമായോ അത്രയ്ക്കും സഹായകരമായിരുന്നു യഹൂദരിൽനിന്ന് ദുരനുഭവം നേരിട്ടിരുന്ന യോഹന്നാന്റെ ആദ്യശ്രോതാക്കൾക്ക്. അപ്രകാരം യേശു ആശംസിക്കുന്ന സമാധാനം രക്ഷയുടെ ഒരു പുതു അടയാളമായി നിലകൊള്ളുന്നു. സമാധാനം നല്കുന്ന യേശു മുറിവുകൾ വഹിക്കുന്ന ഉത്ഥിതനാണ്. അതിന്റെ അടയാളമാണ് അവി ടുത്തെ കൈകളിലേയും പാർശ്വത്തിലെയും മുറിവുകൾ (20:20).

2. രണ്ടാമതും സമാധാനം ആശംസിച്ചുകൊണ്ട് യേശു ശിഷ്യർക്ക് ദൗത്യം നല്കുന്നു. ഈ ദൗത്യദായക പ്രക്രിയയിൽ ചില സവിശേഷതകൾ അടങ്ങിയിട്ടുണ്ട്: 1) ശിഷ്യരുടെ ദൗത്യം പിതാവ് യേശുവിനെ ഭരമേൽപിച്ച ദൗത്യത്തിന്റെ തുടർച്ചയാണ് (20:21 – പിതാവ് തന്നെ അയച്ചതുപോലെ യേശുവും ശിഷ്യരെ അയയ്ക്കുന്നു); 2) ദൗത്യത്തിന് നിദാനമായിത്തീരുന്നത് പുതുസൃഷ്ടിയിലൂടെയാണ് (20:20). യേശുവിന്റെ നിശ്വാസത്തിലൂടെ ശിഷ്യർക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തഫലമാണ് ഈ പുതുസൃഷ്ടി. ആദ്യ സൃഷ്ടികർമത്തിൽ ദൈവം തന്റെ നിശ്വാസത്തിലൂടെ ജീവൻ നല്കിയ പ്രകാരം (ഉത്പ 2:7) യേശു തന്റെ നിശ്വാസത്തിലൂടെ ഒരു പുനഃസൃഷ്ടി സാധ്യമാക്കുന്നു; 3) ശിഷ്യർക്ക് നല്കപ്പെടുന്ന ദൗത്യം പാപങ്ങൾ ക്ഷമിക്കാനും ബന്ധിക്കാനുമാണ് (20:23). പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യേശുവിന്റെ ദൗത്യം ഈ ലോകത്തിൽ തുടരുക എന്നതാണ് 'ക്ഷമിക്കുക, ബന്ധിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

3. യേശു തങ്ങൾക്ക് പ്രത്യക്ഷപ്പെട്ടുവെന്ന വാർത്ത മറ്റു ശിഷ്യർ തോമസിനോടു വിവരിക്കുമ്പോൾ യേശുവിനെ കാണാതെ വിശ്വസിക്കില്ല എന്ന് അവൻ ശാഠ്യം പിടിക്കുന്നു. തോമസിന്റെ ശാഠ്യത്തിന് പരിഹാരമെന്നോണം യേശു വീണ്ടും തോമസ് ഉൾപ്പെടുന്ന ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെടുന്നു. തോമസ് മുന്നോട്ടുവച്ച എല്ലാ നിബന്ധനകളും (20:25) യേശു അംഗീകരിക്കാൻ തയ്യാറാകുന്നു (20:27). നിബന്ധനകൾക്കും അംഗീകാരത്തിനും ഉപരിയായി യേശു തോമസിനോട് "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കാൻ" (20:27 b) ആഹ്വാനം ചെയ്യുന്നു. പരമ്പരാഗതമായി തോമസിനെ ഒരു സംശയാലുവായി (doubting Thomas) ചിത്രീകരിക്കുന്നുണ്ടെങ്കിലും 'സംശയം' (doubt) എന്ന പ്രയോഗം സുവിശേഷത്തിൽനിന്ന് ലഭിക്കുന്നില്ല. എന്നാൽ 'അവിശ്വാസം' (unbelief)എന്ന വാക്കാണ് സുവിശേഷകൻ നല്കുന്നത്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത് സുവിശേഷകൻ അഭിലഷിക്കുന്നത് ഉയിർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസത്തിലേക്ക് വിശ്വാസിസമൂഹം വളരണമെന്നുള്ളതാണ്. തോമസിൽ സംഭവിക്കേണ്ടുന്ന പരിവർത്തനം യോഹന്നാന്റെ ആദ്യകാല ശ്രോതാക്കളിലും ഉണ്ടാകേണ്ടതാണെന്ന് സുവിശേഷകൻ ആഗ്രഹിക്കുന്നു. വിശ്വാസത്തിലേക്ക് തോമസിനെ നയിക്കാൻ തന്നെത്തന്നെ പൂർണ്ണമായും യേശു നല്കാൻ തയ്യാറാകുമ്പോൾ തോമസിൽ ഉണരുന്നത് നാലാം സുവിശേഷത്തിലെ ഏറ്റം ദൃഢവും ഉജ്ജ്വലവുമായ യേശുവിലുള്ള വിശ്വാസപ്രഖ്യാപനമാണ്: "എന്റെ കർത്താവേ, എന്റെ ദൈവമേ" (20:28). ഈ പ്രഖ്യാപനത്തിലൂടെ തോമസ് യേശുവിനെ ദൈവംതന്നെയായി ഏറ്റുപറയുന്നു. ഇവിടെ പ്രയോഗിക്കപ്പെട്ടിട്ടുള്ള ഭാഷ്യം സുവിശേഷത്തിന്റെതന്നെ കേന്ദ്രബിന്ദുവായി മാറുന്ന ആരംഭവാക്യത്തെ ഉറപ്പിക്കുന്നു.: "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു" (1:1). ആദ്യശിഷ്യരിൽ ഒരാളായ തോമസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ സുവിശേഷകൻ, ആദ്യശ്രോതാക്കളുടെ വിശ്വാസപ്രഖ്യാപനം ചേർത്തുവയ്ക്കുന്നു. ദൈവം പൂർണ്ണമായി യേശുവിൽ വെളിപ്പെട്ടിരിക്കുന്നു.

4. ഉത്ഥിതനായ യേശുവിൽനിന്നും ലഭിക്കുന്ന ദൗത്യം തുടരുന്നതിന്റെ ഫലമായി രൂപപ്പെടുന്ന ആദിമ വിശ്വാസിസമൂഹത്തിന്റെ ചരിത്രമാണ് അപ്പസ്തോലപ്രവർത്തനമെന്ന ഗ്രന്ഥം വായനക്കാർക്ക്

നല്കുന്നത്. പ്രസ്തുതഗ്രന്ഥത്തിൽ നിന്നുള്ള ഒന്നാം വായനയിൽ ആദിമക്രൈസ്തവ വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മകളെക്കുറിച്ചുള്ള ഒരു സംഗ്രഹമാണ് (4:32-35) ലഭിക്കുന്നത്. പുതുതായി രൂപപ്പെട്ട വിശ്വാസസമൂഹത്തിൽ സമത്വത്തിന്റെയും പങ്കുവയ്പ്പിന്റെയും അനുഭവങ്ങളാണ് കണ്ടുമുട്ടുന്നത്. കൂടാതെ, വിശ്വാസത്തിന് സാക്ഷ്യം നല്കുന്നത് വാക്കുകൊണ്ടു മാത്രമല്ല; സമഭാവനയോടുള്ള പങ്കുവയ്പുകൊണ്ടുകൂടിയാണ്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം പങ്കുവയ്ക്കലിലൂടെ നേർത്ത് നേർത്ത് ഒരു ഹൃദയവും ഒരാത്മാവുമുള്ള കൂട്ടായ്മയായി മാറുന്നു

## സന്ദേശം

ഉത്ഥിതനായ യേശുവിലുള്ള വിശ്വാസവും വിശ്വാസപ്രഖ്യാപനവും നാലാം സുവിശേഷകൻ നല്കുമ്പോൾ ഇതിന്റെ ഫലമായി രൂപപ്പെടുന്ന ഒരു സ്നേഹകൂട്ടായ്മയുടെ ആവിർഭാവമാണ് അപ്പസ്തോലപ്രവർത്തന ഗ്രന്ഥകർത്താവ് മുന്നോട്ടുവയ്ക്കുന്നത്. ഐക്യവും കൂട്ടായ്മയും നമ്മിൽ വളരട്ടെ.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## പുതുജീവൻ

മരണഭയം എന്നത് വല്ലാത്തൊരു ഭയമാണ്. ക്രിസ്തുവിന്റെ കുരിശുമരണാനന്തരം ശിഷ്യന്മാരെ ഗ്രസിച്ചിരുന്നതും ഇതുതന്നെയാണ്. അവന് സംഭവിച്ചതുപോലെ ഞങ്ങൾക്കും സംഭവിക്കുമോ? സംഭവിക്കാനാണ് കൂടുതൽ സാധ്യത! അവർ ഭയംകൊണ്ട് കതകടച്ചു.

ആരെയും നാളിതുവരെ കൈവിടാത്തവൻ അവരെയും കൈവിട്ടില്ല. അവരുടെ അനാഥത്വത്തെ സനാഥമാക്കാൻ യേശു അവരുടെ മധ്യേ പ്രത്യക്ഷപ്പെട്ടു. അശാന്തിനിറഞ്ഞ മനസ്സുകളിലേക്ക് ഒരാശംസ; 'നിങ്ങൾക്ക് സമാധാനം.' മുറിവുകളെയും സഹനത്തെയും ഭയന്നവർക്ക് ധൈര്യം പകരാൻ അവൻ തന്റെ മുറിവേറ്റ കരങ്ങളും കുത്തിതുറന്ന പാർശ്വവും കാണിച്ചു. ഇനി ഒരടി മുന്നോട്ട് പോകാൻ

ശേഷിയില്ല എന്ന് കരുതിയ ശിഷ്യന്മാരോട് അവൻ പറഞ്ഞു: 'പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.' അങ്ങനെ പരിശുദ്ധാത്മശക്തിയാൽ അവർ പ്രകാശിതരും ശക്തിയുള്ളവരും ധൈര്യശാലികളുമായി. പാപപങ്കിലമായ ലോകത്ത് വിശുദ്ധിയുടെ പ്രവാചകരാകാൻ പാതയിൽ പാഥേയമായി ഒരു വരംകൂടെ, 'നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെടും ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും.' പിന്നെ സംഭവിച്ചതെല്ലാം അത്ഭുതമാണ്, ചരിത്രസത്യങ്ങളാണ്. ഭയംകൊണ്ട് അടയ്ക്കപ്പെട്ട വാതിൽ പ്രഘോഷണത്തിനായി തുറക്കപ്പെട്ടു. അശാന്തിയിൽ കഴിഞ്ഞ ലോകത്തിന് അവർ സമാധാനവാഹകരായി, 'ഏത് ഭവനത്തിൽ പ്രവേശിച്ചാലും ആദ്യം സമാധാനം ആശംസിക്കണം' എന്ന ക്രിസ്തുപാഠത്തെ അവർ അക്ഷരംപ്രതി നിറവേറ്റി. അങ്ങനെ അവർ സമാധാനദൂതരായി.

മുറിവുകൾ, പീഡകൾ, സഹനങ്ങൾ എന്നും പേടിസ്വപ്നമാണ്. എന്നാൽ, ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്താനുള്ള തെളിവായി തന്റെ മുറിവുകളെ കാണിക്കുന്നു. അപ്പോൾ അവർക്ക് മനസ്സിലായി; മുറിവുണ്ടെങ്കിൽ അത് ക്രിസ്തുവാണ്. അതിനുശേഷം മുറിവുകളെയും പീഡനങ്ങളെയും രക്തസാക്ഷിത്വത്തെയും ഭയലേശമെന്യേ അവർ നേരിട്ടു. കാരണം മുറിവടയാളങ്ങളാണ് ഒരുവനിൽ ക്രിസ്തു പതിഞ്ഞിട്ടുണ്ടോ എന്നതിന്റെ തെളിവ്. മുറിവേറ്റവനിൽ ക്രിസ്തുവുണ്ട്.

അവൻ നിശ്വസിച്ചുകൊണ്ട് അവരിലേക്ക് പരിശുദ്ധാത്മാവിനെ നൽകി. ഉത്പത്തി പുസ്തകത്തിൽ, ജലത്തിന് മുകളിലൂടെ കടന്നുപോയി ജീവൻ നൽകിയ അതേ റൂഹായെ, മണ്ണുകൊണ്ട് മെനഞ്ഞ മനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ച് ജീവൻ നൽകി. ശിഷ്യന്മാർ ധൈര്യവും ശക്തിയും ജീവനും സംഭരിച്ച് ലോകം മുഴുവനിലും സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുന്നു. നാമും പ്രാർത്ഥിക്കണം പരിശുദ്ധാത്മാവിനായി, ദാഹത്തോടെ ആഗ്രഹിച്ചാൽ ക്രിസ്തു, പരിശുദ്ധാത്മാവിനെ നൽകി നമ്മെ ബലപ്പെടുത്തും.

കുമ്പസാരം ജനിച്ച സമയംകൂടെയാണ് ഈ ക്രിസ്തുദർശനം. സഭയ്ക്കു ദൈവം നൽകിയ അമൂല്യമായ ദാനം. എം.ടി വാസുദേവൻ നായർ 'വാരണാസി' എന്ന നോവലിൽ പറയുന്നുണ്ടല്ലോ: 'നമ്മുടെ ക്ഷേത്രങ്ങൾക്ക് ഒരു കുറവുണ്ട്; അതിലൊന്നിൽപ്പോലും ഒരു

കുമ്പസാരക്കൂടില്ല.' ആരെയും കൊച്ചാക്കാത്ത, നാണിപ്പിക്കാത്ത, വിരൽചൂണ്ടാത്ത എന്നാൽ എല്ലാം കേൾക്കുന്ന, എല്ലാം ക്ഷമിക്കുന്ന, ആ മഹാദാനത്തിന്റെ സ്ഥാപിതവചനം "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെടും." പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനും കറകളകറ്റി വീണ്ടും മുന്നോട്ട് പോകാനുമുള്ള വരം. ഈ വരദാനത്തെ സ്വീകരിക്കാൻ ഒരിക്കലും മടിക്കരുത്.

ഇന്നത്തെ സുവിശേഷത്തിന് ഒരു രണ്ടാം ഭാഗംകൂടിയുണ്ട്. അതിന്റെ ഹീറോ തോമസ് അപ്പസ്തോലനാണ്. 'വരുവിൻ നമുക്കും അവനോടുകൂടെ പോയിമരിക്കാം' എന്ന് സധൈര്യം പ്രഖ്യാപിച്ച് മദ്രാസിലെ ചിന്നമലയിൽ അത് അന്വർത്ഥമാക്കിയ തോമസ് അറിയാത്ത കാര്യങ്ങൾ അടക്കം പറയാതെ അത് തുറന്നു പറയാൻ കഴിവുള്ള സത്യാന്വേഷിയാണ്. ശരീരത്തിൽ മുറിപ്പാട് പതിഞ്ഞിട്ടുണ്ടെങ്കിൽ അത് ക്രിസ്തുവാണെന്ന് ഉത്തമബോധ്യമുള്ള ക്രിസ്തുശിഷ്യൻ. യേശുവിനെ കാണാനുള്ള ആഗ്രഹം ഒരാഗ്രഹമല്ല അത് ഒരു ദാഹമാണെന്നും ആ ദാഹശമനത്തിനായി ശാഠ്യം പിടിച്ചവനുമാണ് അവൻ. കണ്ട് അനുഭവിച്ച ക്രിസ്തുവുമായുള്ള സുദൃഢവും മനോഹരവുമായ സൗഹൃദത്തെ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് 'നീ മാത്രമാണെന്റെ കർ ത്താവ് നീ മാത്രമാണെന്റെ ദൈവം' എന്ന് പ്രഖ്യാപിച്ചവൻ.

ഒറ്റയ്ക്ക് നടക്കുന്നവന് സ്വാഭാവികമായി സംഭവിക്കാവുന്ന ഏകാന്തതയും സംശയങ്ങളും ദുരീകരിച്ച് ഇനി നടക്കേണ്ട വഴി, അറിയേണ്ട സത്യം, ആർജിക്കേണ്ട ജീവൻ ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞ തോമസ് അപ്പസ്തോലനിലൂടെ ഇനി വരുന്ന തലമുറയ്ക്കെല്ലാം വിശ്വാസശങ്ക വരാതിരിക്കാൻ ക്രിസ്തു പറഞ്ഞു; 'തോമാ നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' അങ്ങനെ ഭാഗ്യവാന്മാരായ ക്രിസ്തുശിഷ്യരാണ് നിങ്ങളും ഞാനും.

**ഡോ. എ. ആർ. ജോൺ**

# ഏപ്രിൽ 18
# പെസഹാക്കാലം 3-ാം ഞായർ

## ഭാഷ്യം
അപ്ര 3:13-15;17-19; 1 യോഹ 2:1-5a;

ലൂക്കാ 24:35-48

## സന്ദർഭം
ലൂക്കാ സുവിശേഷകൻ 24-ാം അധ്യായത്തിൽ ഉത്ഥാന വിവരണങ്ങൾ (Resurrection Narratives) നല്കുന്നു. ഈ വിവരണം പ്രധാനമായും നാല് സംഭവങ്ങൾ ഉൾക്കൊള്ളുന്നു: ഒന്ന്, ശൂന്യമായ കല്ലറയുടെ കണ്ടെത്തൽ (24:1-12). രണ്ട്, എമ്മാവൂസിലേയ്ക്ക് യാത്ര ചെയ്യുന്ന രണ്ട് ശിഷ്യർക്ക് യേശു പ്രത്യക്ഷപ്പെടുന്നു (24:13-35). മൂന്ന്, യേശു ജറുസലെമിൽ ആയിരിക്കുന്ന പതിനൊന്ന് ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു (24:36-48). നാല്, യേശുവിന്റെ വിടവാങ്ങൽ (24:50-53). ശിഷ്യരെ ധൈര്യപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്തുകൊണ്ട് യേശു സ്വർഗാരോഹണം ചെയ്യുന്നു. ഇന്നത്തെ സുവിശേഷ വായന മൂന്നാം ഭാഗത്തെ ആസ്പദമാക്കിയാണ്.

## സാരം
1. എമ്മാവൂസിൽനിന്ന് മടങ്ങിയ ശിഷ്യരിൽനിന്ന് യേശു അവർക്ക് പ്രത്യക്ഷപ്പെട്ട അനുഭവം കേൾക്കുന്ന വേളയിൽ അവിടുന്ന് ശിഷ്യർക്ക് (11 പേർക്ക്) പ്രത്യക്ഷപ്പെട്ടുകൊണ്ട് അവർക്ക് സമാധാനം ആശംസിക്കുന്നു. യേശുവിന്റെ പ്രത്യക്ഷപ്പെടൽ ശിഷ്യരിൽ ഉളവാക്കിയത് അമ്പരപ്പും ഭയവുമായിരുന്നു. തങ്ങൾ ദർശിക്കുന്നത് ഭൂതത്തെയാണോ എന്നുപോലും അവർ സംശയിച്ചു. അവരുടെ സംശയനിവാരണമെന്നോണം യേശു രണ്ട് തെളിവുകൾ നല്കുന്നു. ഒന്ന്, തന്റെ

കരങ്ങളും കാലുകളും പരിശോധിക്കാൻ ശിഷ്യരെ ക്ഷണിക്കുന്നു (24:39). ഇതിന് സമാന്തരമായ ഒരു വിവരണം യോഹന്നാൻ സുവിശേഷകൻ നല്കുന്നുണ്ട് (യോഹ 20:20,25,27). അവിടെ തന്റെ കൈകളിലെയും പാർശ്വത്തിലെയും മുറിവുകൾ പരിശോധിക്കാനാണ് ക്ഷണം. എന്നാൽ ഇവിടെ മുറിവുകളെ – ആണിപ്പഴുതുകളെ – സംബന്ധിച്ച സൂചനയില്ല. യേശുവിന്റെ പീഡാനുഭവ വിവരണത്തിലും ലൂക്കാ (അധ്യായം 23) ആണിപ്പഴുതുകളുടെ സൂചന നല്കുന്നില്ല. താൻ ഒരു ഭൂതമല്ലെന്നും വസ്ത്രങ്ങളാൽ ആവരണം ചെയ്യപ്പെടാത്ത കൈകളും കാലുകളും പച്ചയായ ഒരു മനുഷ്യന്റേതാണെന്നും ശിഷ്യരെ ബോധ്യപ്പെടുത്താനാണ് യേശു ശ്രമിക്കുന്നത്. രണ്ട്, യേശു അവരുടെ മുമ്പിലിരുന്നു ഭക്ഷിക്കുന്നു (24:40). ഉത്ഥിതനായ യേശു ശിഷ്യരുടെ മുന്നിൽവച്ച് വറുത്ത മീൻ കഴിക്കുന്നതിലൂടെ താൻ ഒരു ഭൂതമല്ലെന്നു (24:37) തെളിയിക്കുന്നു. മീൻ ഭക്ഷിക്കുന്നതിന്റെ പിന്നിൽ ഉയിർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസത്തിലേയ്ക്ക് ശിഷ്യരെ നയിക്കുക എന്ന ലക്ഷ്യമാണുള്ളത്. എമ്മാവൂസ് യാത്രാ മധ്യേ ഉണ്ടായ വിരുന്നിലും (24:29–30) അയ്യായിരം പേർക്ക് വിളമ്പിയ വിരുന്നിലും (9:12–17) ദിവ്യബലിയുടെ മുന്നാസ്വാദനമാണ് ലൂക്കാ നല്കുന്നത്.

2. ഉയിർത്തെഴുന്നേറ്റ തന്നിലുള്ള വിശ്വാസത്തിലേക്കു ശിഷ്യരെ നയിച്ചതിനുശേഷം തിരുവചനത്തിന്റെ വ്യാഖ്യാനത്തിലൂടെ ശിഷ്യരെ യേശു ബലപ്പെടുത്തുന്നു. പരസ്യജീവിതകാലത്ത് താൻ ശിഷ്യരോട് പറഞ്ഞിട്ടുള്ള കാരണങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിലൂടെയാണ് ശിഷ്യർ പ്രബുദ്ധരാകേണ്ടതെന്ന് യേശു ആഗ്രഹിക്കുന്നു. ആ കാലഘട്ടത്തിലെ തന്റെ പ്രബോധനങ്ങളുടെ ആകെതുക പീഡാനുഭവ വിവരങ്ങളാണ് (9:22,44; 13:33; 17:25; 18:31–33). പഴയനിയമത്തിൽ – തോറ, നബീം, കെത്തുബീം – അടങ്ങിയിരിക്കുന്ന വസ്തുതകളെല്ലാം തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും സാധ്യമാക്കുന്ന രക്ഷയുടെ സൂചനയാണ് നല്കുന്നതെന്ന് യേശു ശിഷ്യരെ ഓർമപ്പെടുത്തുന്നു. തന്റെ മരണത്തിലും ഉത്ഥാനത്തിലും നിറവേറിയവയുടെ വെളിച്ചത്തിൽ യേശു വിശുദ്ധ ലിഖിതങ്ങൾ മുഴുവനും സംഗ്രഹിക്കുന്നു. “ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം” (24:46) യേശുവിന്റെ പീഡാനുഭവവും മരിച്ചവരിൽനിന്നുള്ള ഉയിർപ്പും വ്യക്തമാക്കാൻ ഒറ്റ

പ്പെട്ട സംഭവങ്ങൾ പഴയനിയമഗ്രന്ഥത്തിൽ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് പാഴ്വേലയാണ്.

3. വേദഗ്രന്ഥത്തിന്റെ ആധികാരികതയിൽ നിന്നും യേശുവിന്റെ മരണവും ഉത്ഥാനവും മാത്രമല്ല ലൂക്കാ പ്രസ്പഷ്ടമാക്കുന്നത്; സർവ ജനതയോടുമുള്ള ശിഷ്യരുടെ ദൗത്യനിർവഹണവുംകൂടിയാണ് (24:47–48). ശിഷ്യരുടെ ദൗത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് വേദഗ്രന്ഥത്തിൽ നിന്ന് പ്രത്യേക പരാമർശം ലൂക്കാ നല്കുന്നില്ല. എങ്കിൽപോലും പാപപരിഹാരാർത്ഥം യേശു നാമത്തിൽ പശ്ചാത്താപം പ്രസംഗിക്കുന്ന ശുശ്രൂഷ വിശുദ്ധലിഖിത പശ്ചാത്തലത്തിൽ വീക്ഷിക്കപ്പെടണമെന്ന് ലൂക്കാ സുവിശേഷകൻ അനുമാനിക്കുന്നു. യേശുവിൽ സംഭവിക്കുന്ന എല്ലാംതന്നെ വേദഗ്രന്ഥപ്രവചനങ്ങളുടെ പൂർത്തീകരണമായി കാണാവുന്നതാണ്: "മനുഷ്യപുത്രനെപ്പറ്റി പ്രവാചകന്മാർ വഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും" (18:31). മറ്റുവാക്കുകളിൽ ക്രിസ്തുവിന്റെ ഭാഗധേയം പഴയനിയമപ്രവചനത്തിൽ നിഴൽ വീശിനിന്നതുപോലെ, അവിടുത്തെ നാം പ്രഘോഷിക്കുക എന്നതും തിരുവെഴുത്തുകളിൽ വേരോടി നില്ക്കുന്നു.

4. ഉയിർത്തെഴുന്നേറ്റ യേശു മറ്റുള്ളവർക്ക് പ്രത്യക്ഷപ്പെടുമ്പോൾ ദൗത്യം നല്കികൊണ്ടാണ് അപ്രത്യക്ഷനാകുന്നത്. യേശു നല്കുന്ന ദൗത്യങ്ങളുടെ സ്വഭാവത്തിന്റെ വൈവിധ്യവും വായനക്കാർക്ക് കാണാൻ കഴിയും. ലൂക്കാ സുവിശേഷത്തിൽ യേശു നല്കുന്ന ദൗത്യം പാപമോചനത്തിനുള്ള അനുതാപം യേശുവിന്റെ നാമത്തിൽ എല്ലാ ജനതകളോടും പ്രഘോഷിക്കാനാണ് (24:47) പൗലോസിന് ലഭിക്കുന്ന ദൗത്യം വിജാതീയരുടെ അപ്പസ്തോലനാകാനാണ് (അപ്പ 22:21; 26:33; ഗലാ 1:15–16). മത്തായി സുവിശേഷത്തിൽ യേശു നല്കുന്ന ദൗത്യം "എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക" എന്നതാണ് (മത്താ 28:19). യോഹന്നാനിലാണെങ്കിൽ "പിതാവ് എന്ന അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (20:21) എന്നതാണ്. മർക്കോസിൽ കാണുന്നത് എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനാണ് (മർക്കോ 16:15). മേൽപറഞ്ഞ വ്യത്യസ്തമായ ദൗത്യങ്ങളെല്ലാം നമ്മെ ഓർമപ്പെടുത്തുന്നത് ദൈവരാജ്യനിർമാണ പ്രക്രിയയിൽ നാം നിർവഹിക്കേണ്ട പങ്കിനെക്കുറിച്ചാണ്.

## സന്ദേശം

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലാണ്. ഉത്ഥിതൻ ഭരമേൽപ്പിച്ച ദൗത്യം തുടരുക എന്ന താണ് വിശ്വാസികളായ നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യം. അതിനായി കർമ്മനിരതരാകാം!

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## അവനെ തിരിച്ചറിയുക

എമ്മാവൂസ് അനുഭവം സ്വന്തമാക്കിയ ശിഷ്യർ യേശുവിനെ തിരി ച്ചറിയുന്നതിൽ പരാജയപ്പെടുന്നു. ഭൂതത്തെയാണ് തങ്ങൾ കാണു ന്നതെന്നു കരുതി ഭയപ്പെട്ട ശിഷ്യരെ യേശു ധൈര്യപ്പെടുത്തുന്നു. അവരുടെ മുന്നിൽ നിൽക്കുന്നവൻ അവരോടൊത്തുണ്ടായിരുന്ന, അവർക്കുവേണ്ടി കുരിശിലേറിയവൻതന്നെയാണെന്ന് അവരെ ബോ ധ്യപ്പെടുത്താൻ തെളിവുകൾ നിരത്തുന്നു. ആണിപ്പാടുള്ള കൈകാ ലുകൾ കാട്ടി തന്നെ സ്പർശിച്ചുനോക്കാനും തന്നോടൊത്ത് ഭക്ഷ ണം കഴിക്കാനും അവരെ ക്ഷണിക്കുന്നു.

'Knowledge is Power' എന്ന ആധുനിക സംസ്കാരത്തിൽ മത്സരി ച്ചു ജീവിക്കുമ്പോൾ തിരിച്ചറിവിന്റെ അനിവാര്യതയെ നാം ബോധ പൂർവം വിസ്മരിക്കുന്നു. എമ്മാവൂസിൽ അനുഭവിച്ചറിഞ്ഞ യേശു വിനെ കൺമുന്നിൽ കാണാതിരിക്കുന്നു എന്ന വിരോധാഭാസം ഇ ന്നും നമുക്കിടയിൽ നിലനിൽക്കുന്നു. ദിവ്യബലിയിലും ആരാധന യിലും ദൈവത്തെ അറിഞ്ഞ മനുഷ്യരല്ലേ ദൈവാലയം വിട്ടിറങ്ങു മ്പോൾ ദൈവം കുടികൊള്ളുന്ന മനുഷ്യനെ ശത്രുവായി ഗണിക്കു ന്നത്? യേശുവിൽ ഭൂതത്തെകണ്ട ശിഷ്യന്മാരെ തലമുറകൾ ഏറ്റെ ടുത്തിട്ടുണ്ട്. അല്ലെങ്കിൽ തത്വശാസ്ത്രജ്ഞനായ ജീൻ പോൾ സാർ ത്ര് പറയേണ്ടിവരുമായിരുന്നില്ല 'The other is hell' എന്ന്.

വിശ്വാസവും പ്രതീക്ഷയും രൂഢമൂലമാകുമ്പോഴാണ് ഒരുവൻ ദൈവത്തെ കണ്ടുമുട്ടുക. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത പ്പോഴെല്ലാം കൂടെയുണ്ടായിരുന്ന ശിഷ്യന്മാർക്ക് എന്തുകൊണ്ട് തങ്ങ ളുടെ വിശ്വാസത്തെ ആഴപ്പെടുത്താൻ സാധിക്കാതെപോയി. യേശു

വിന്റെ വാക്കുകളെ വിശ്വസിച്ചിരുന്നെങ്കിൽ അവൻ പറഞ്ഞ മരണാനന്തര ഉയിർപ്പിൽ പ്രത്യാശവച്ചിരുന്നെങ്കിൽ, ശിഷ്യർക്ക് ഭയപ്പെടേണ്ട ആവശ്യമുണ്ടാകില്ലായിരുന്നു. വിശ്വാസവും പ്രത്യാശയും അസ്തമിക്കുന്നിടത്തല്ലേ മനുഷ്യൻ ഭയപ്പെട്ട് ജീവിതത്തിന് വിരാമം കുറിക്കുന്നത്. ഇടപ്പള്ളി രാഘവൻപിള്ള ആത്മഹത്യക്ക് മുമ്പ് എഴുതിയ കുറിപ്പുണ്ട്. 'ജീവിതത്തിന് അർത്ഥം നൽകുന്നത് മൂന്ന് കാര്യങ്ങളാണ്; സ്നേഹിക്കാൻ ആരെങ്കിലുമുണ്ടായിരിക്കുക, പ്രതീക്ഷിക്കാൻ എന്തെങ്കിലുമുണ്ടായിരിക്കുക, പ്രവർത്തിക്കാൻ കർമമണ്ഡലമുണ്ടായിരിക്കുക. നിർഭാഗ്യവശാൽ ജീവിതം ഇവ മൂന്നും എനിക്ക് നിരാകരിച്ചു.'

ഹൃദയങ്ങളെ പരിശോധിച്ചറിയുന്ന യേശു പിന്നീട് ശിഷ്യരുടെ പോരായ്മ മനസ്സിലാക്കി ചോദിക്കുന്നുണ്ട്: "നിങ്ങളുടെ മനസ്സിൽ ചോദ്യങ്ങൾ ഉയരുന്നത് എന്തുകൊണ്ട്? താത്വിക അവലോകനങ്ങളും നിരീശ്വരജിജ്ഞാസകളും എന്തുകൊണ്ടോ ഇന്നത്തെ മനുഷ്യനെ അപക്വനാക്കുന്നു. ശരിയായ വിശ്വാസത്തിനുവേണ്ടിയുള്ള അന്വേഷണങ്ങൾക്കുപകരം വിശ്വസിക്കാതിരിക്കാനുള്ള അന്വേഷണങ്ങളാണ് കൂടുതൽ നടത്തുക. പരിശുദ്ധകുർബാനയിലെ അത്ഭുതവും ചില നിർണായകനിമിഷങ്ങളിലെ ദൈവികഇടപെടലും മാത്രംമതി എല്ലാ സംശയങ്ങളുടെ തിരമാലകൾക്കപ്പുറം ദൈവസാന്നിധ്യശോഭയുടെ ചക്രവാളം കൺകുളിർക്കെ കാണാൻ...

ശിഷ്യർക്കു സംഭവിച്ച അബദ്ധങ്ങൾ നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നുണ്ട്. മാതാപിതാക്കൾ കുട്ടികളെ Encyclopaedia കളായി വളർത്തുന്നു. അറിവ് തിരിച്ചറിവിലേക്ക് വളരാത്തതുകൊണ്ട് കുട്ടികൾ വളരുമ്പോൾ മാതാപിതാക്കളുടെ മൂല്യം തിരിച്ചറിയാതെ അവരെ വൃദ്ധമന്ദിരങ്ങളിലേക്ക് പറഞ്ഞയക്കുന്നു. പ്രത്യാശ കെടുമ്പോഴും പ്രശ്നങ്ങൾ വരിഞ്ഞുമുറുകുമ്പോഴും ദൈവത്തിലുള്ള വിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെടുത്താതെ പറയാൻ കഴിയണം 'Hey Problem, I have a big God.' സംശയങ്ങളിൽ കത്തിയമർന്ന എത്രയോ ദാമ്പത്യജീവിതങ്ങൾ ഇന്നുണ്ട്. ചേർന്നുനിന്ന് ഇണയെ ഒന്നു മനസ്സിലാക്കാൻ ശ്രമിച്ചാൽ തീരാവുന്ന സംശയങ്ങളേ ഏത് ജീവിതത്തിലുമുള്ളൂവെന്ന് മനസ്സിലാക്കാം.

യേശു ശിഷ്യരെ രണ്ടു കാര്യങ്ങളിലൂടെയാണ് തിരിച്ചറിവിലേക്ക് കൊണ്ടുവരുന്നത്.

1. തന്നെ സ്പർശിക്കാൻ ആവശ്യപ്പെടുന്നു.

2. തന്നോടൊത്ത് ഭക്ഷണത്തിന് ക്ഷണിക്കുന്നു.

അവനെ സ്പർശിച്ചും കൂടെയിരുന്നും ശിഷ്യർ യേശുവിന്റെ ആത്മാവിനെ തൊട്ടറിഞ്ഞു. ഈ തൊട്ടറിവിന്റെ അനുഭവസമ്പത്തുള്ള ജീവിതങ്ങൾ പിന്നീട് ഒരിക്കലും തകർന്നില്ല.

ഒരിക്കൽ മദർ തെരേസ അവാർഡ് വാങ്ങിതിരിച്ചുവരുമ്പോൾ, മാധ്യമപ്രവർത്തകർ ചോദിച്ചു: "മദറേ, അമ്മയുടെ ജീവിതവിജയത്തിന് പിന്നിലെ കാരണമെന്താണ്?" മദർ മറുപടി നൽകി: "എന്റെ ജീവിതം വിജയിച്ചോ പരാജയപ്പെട്ടോ എന്ന് എനിക്കറിഞ്ഞുകൂടാ; ഒരു കാര്യം മാത്രം അറിയാം; എന്നും ഞാൻ ഒരു മണിക്കൂർ ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവിടും."

"ദൈവമേ അങ്ങയെ തൊട്ട് പ്രകാശിക്കാൻ ഞങ്ങളെ അനുവദിക്കണമേ."

**ഫാ. അഗസ്റ്റിൻ സിബി കിടങ്ങേത്ത്**

# ഏപ്രിൽ 25
# പെസഹാക്കാലം 4-ാം ഞായർ

## ഭാഷ്യം

## അപ്ര 4:8-12; 1 യോഹ 3:1-2; യോഹ 10:11-18

### സന്ദർഭം

നാലാം സുവിശേഷത്തിന്റെ 10-ാം അധ്യായത്തിൽ പ്രത്യേകിച്ച് 1 മുതൽ 21 വരെ വാക്യങ്ങളിൽ നമുക്ക് ലഭിക്കുന്നത് നല്ലയിടയനെ സംബന്ധിക്കുന്ന യേശുവിന്റെ പ്രഭാഷണമാണ്. ജറുസലെം ദൈവാലയത്തിന്റെ പശ്ചാത്തലത്തിലാണ് യേശു ഈ പ്രബോധനം നല്കുന്നത്. "ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" (7:37) എന്നും "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (8:12) എന്നും പ്രഖ്യാപിച്ച യേശു ഇപ്പോൾ നല്ലയിടയനായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു (10:11). അപ്രകാരം 7 മുതൽ 10 വരെയുള്ള അധ്യായങ്ങൾ ഒരു ഭാഗമായാണ് നാം മനസിലാക്കേണ്ടത്. യേശു ദൈവാലയത്തിൽ നടത്തുന്ന പ്രഭാഷണ പരമ്പരയിൽ (7 മുതൽ 10 വരെ അധ്യായങ്ങൾ കാണുക) ഏറ്റവും ശ്രദ്ധേയമായതാണ് നല്ലിടയനെ സംബന്ധിക്കുന്ന പ്രഭാഷണം. ഈ പ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയങ്ങൾ വാതിലിനെക്കുറിച്ചുള്ള ഉപമയും വിശദീകരണവും (10:1-10) അതോടൊപ്പം ഇടയനെ സംബന്ധിക്കുന്ന വിവരണവും (10:11-21) ആണ്. ഇന്നത്തെ വചനഭാഗം ഇടയനെ സംബന്ധിക്കുന്ന വിവരണത്തിലെ ഏതാനും വാക്യങ്ങളാണ് (10:11-18).

### സാരം

1. ആരംഭത്തിൽ യേശുവിന്റെ പ്രഭാഷണം വാതിലിനെക്കുറിച്ചുള്ള ഉപമയും വിശദീകരണവുമാണ് നല്കിയതെങ്കിൽ (10:1-10) പിന്നീട് യേശു നല്ല ഇടയനാണെന്ന സ്വയം വെളിപ്പെടുത്തലിലേക്ക് (10:11-16) വഴി മാറുന്നു. നല്ലിടയന്റെ ചിത്രം യേശു വിഭാവന ചെയ്യുന്നത് പഴയനിയമ രൂപകങ്ങളുടെ പശ്ചാത്തലത്തിലാണ്. 'നല്ലത്' (good- ഗ്രീക്ക്- കാലോസ് - kalos) എന്ന വിശേഷണം അർത്ഥമാക്കുന്നത് 'മാതൃക' (model) അഥവാ 'ശരി' (true) എന്നതാണ്. 'മാതൃക ഇടയൻ' (model shepherd) എന്ന ചിത്രം യേശു ഇവിടെ നല്കുന്നത് ദൈവം

നല്ല ഇടയനാണെന്ന് എസെക്കിയേൽ പ്രവാചകൻ 34-ാം അധ്യായത്തിൽ രേഖപ്പെടുത്തുന്നതുപോലെയാണ്. എസക്കിയേൽ പ്രവചനത്തിൽ നല്ല ഇടയനായ ദൈവം നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്നു; വഴിതെറ്റിപ്പോയതിനെ തിരികെ കൊണ്ടുവരുന്നു; മുറിവേറ്റതിനെ വച്ചുകെട്ടുന്നു; ബലഹീനമായതിനെ ശക്തിപ്പെടുത്തുന്നു (എസെ 34:11-16). അപ്രകാരം നല്ല ഇടയനായ ദൈവത്തിന്റെ പ്രവർത്തികൾ തന്നിലൂടെ നിർവഹിക്കപ്പെടുന്നു എന്ന വെളിപ്പെടുത്തലാണ് 'ഞാൻ നല്ല ഇടയനാണ്' എന്ന യേശുവിന്റെ പ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്നത്.

2. യേശു വിഭാവന ചെയ്യുന്ന നല്ല ഇടയന്റെ മറ്റൊരു സവിശേഷത ഇടയൻ ആടുകൾക്കുവേണ്ടി ജീവത്യാഗം ചെയ്യുന്നുവെന്നതാണ് (10:15). ആടുകൾക്കുവേണ്ടി സ്വജീവൻ വിട്ടുകൊടുത്തുകൊണ്ട് അവയെ സംരക്ഷിക്കുകയും അവയുടെ ജീവൻ നിലനിർത്തുകയും അവയെ വഴി നടത്തുകയും ചെയ്യുന്ന ഒരു ഇടയന്റെ ചിത്രമാണ് ഇവിടെ യേശു വിഭാവന ചെയ്യുന്നത്. ആടുകൾക്കുവേണ്ടിയുള്ള യേശുവിന്റെ ആത്മദാനം പിതാവിന്റെ ഹിതം നിറവേറ്റുന്നതിന്റെ ഭാഗമാണ്. അപ്രകാരം യേശുവിന് പിതാവുമായുള്ള ഗാഢബന്ധത്തിന്റെ പ്രതിഫലനമാണ് ആടുകൾക്കുവേണ്ടിയുള്ള യേശുവിന്റെ സമർപ്പണം. ഈ ആത്മസമർപ്പണത്തിൽ പിതാവിന്റെ നിർബന്ധമോ മകന്റെ ഒഴിച്ചുകൂടാൻ ആവാത്ത അവസ്ഥയോ ഇല്ല. മറിച്ച്, യേശു സ്നേഹത്തോടുകൂടി സ്വയം പിതാവിന് സമർപ്പിക്കുകയാണ്. യേശുവിന്റെ ആത്മദാനത്തിന് ഒരു സാർവത്രികമാനം കൂടി ഇവിടെ കല്പിക്കപ്പെടുന്നു. യേശു വിഭാവനചെയ്യുന്ന 'ആട്ടിൻപറ്റം' ഇസ്രായേൽ ജനം (Sheep of Israel) മാത്രമല്ല, യേശുവിന്റെ മരണത്തിലൂടെ രൂപപ്പെടുന്ന 'പുതിയ സമൂഹത്തിൽ' ഇസ്രായേലിന് പുറത്തുള്ളവരും ഉൾപ്പെടുന്നു (യോഹ 12:32 കാണുക). ഈ പുതുസമൂഹത്തിന്റെ സവിശേഷത അവർ യേശുവിന്റെ സ്വരം കേൾക്കുന്നുവെന്നതാണ്. യേശുവിന്റെ സ്വരം കേൾക്കുകയും അതുവഴി എല്ലാവരും ചേർന്ന് ഒരു ആട്ടിൻപറ്റമായി തീരുകയും ചെയ്യുക എന്നതാണ് യേശുവാകുന്ന ഇടയന്റെ സ്വപ്നം.

3. യേശു നല്ലിടയനാണെന്ന സ്വയം വെളിപ്പെടുത്തലിന് ശേഷം, തന്റെ മരണവും അവിടുത്തേയ്ക്ക് പിതാവുമായുള്ള ബന്ധവും വ്യക്തമാക്കുന്നു (11:17-18). യോഹന്നാന്റെ സുവിശേഷത്തിൽ യേശു

വിന്റെ മരണം ആഴത്തിൽ ഗ്രഹിക്കാൻ ദൈവശാസ്ത്രപരമായ മൂന്ന് ഘടകങ്ങൾ ഈ ഭാഗത്ത് ലഭിക്കുന്നു. ഒന്ന്, യേശുവിന്റെ മരണം പിതാവുമായുള്ള തന്റെ സമൃദ്ധമായ സ്നേഹബന്ധത്തിൽനിന്നുള വാക്കുന്നതാണ് (11:17). ആകയാൽ മരണവും സ്നേഹവും ഒന്നായി മാറുന്നു. മരണത്തിലൂടെ പിതാവിന്റെ സ്നേഹം യേശു നേടിയെടു ക്കുന്നു. രണ്ട്, യേശു തന്റെ മരണം തിരഞ്ഞെടുക്കുന്നത് ബലപ്രയോ ഗത്തിന് വിധേയമായിട്ടല്ല; പിതാവിനോടുള്ള അനുസരണയാൽ സ്വ യം സമർപ്പിക്കുന്നതിലൂടെയാണ് (11:18a). യേശു മരണത്തിന് ഇരയാ കുന്നില്ല; യേശു തന്റെ തന്നെ ആഗ്രഹത്തിന് എതിരായി രക്തസാ ക്ഷിയാകുന്നുമില്ല. എന്നാൽ മരണത്തിന്റെ പൂർണമായ വിധേയത്വം യേശുവിൽ തന്നെയാണ് (11:18c). മൂന്ന്, മരണവും ഉത്ഥാനവും നാലാം സുവിശേഷത്തിൽ പരസ്പരം വേർപെടുത്താനാവാത്തതാണ്. പിതാ വിൽനിന്നും ഏറ്റെടുത്ത ദൗത്യം യേശു പൂർത്തിയാക്കുന്നത് മരണവും ഉത്ഥാനവും ഒന്നായി ചേരുന്ന പ്രക്രിയയിലൂടെയാണ് (11:18യ). യേശു വിന്റെ മരണത്തിൽ ഉൾച്ചേർന്നിരിക്കുന്ന ദൈവശാസ്ത്ര ഘടകങ്ങൾ യേശുവും പിതാവും തമ്മിലുള്ള പരിപൂർണ ഐക്യം വെളിപ്പെടു ത്തുന്നു. പ്രസ്തുത ഐക്യം "ഞാനും പിതാവും ഒന്നാണ്" (10:30) എന്ന യേശുവിന്റെ വാക്യത്തിൽ പ്രകടമാണ്.

4. ഇന്നത്തെ ഒന്നാം വായനയുടെ പശ്ചാത്തലം പത്രോസിനെ യും യോഹന്നാനെയും പ്രസംഗവേളയിൽ അധികാരികൾ ബന്ധി ക്കുന്നതും പുരോഹിതന്മാർ, ദൈവാലയസേനാധിപൻ, സദുക്കായർ എന്നീ മൂന്നുവിഭാഗം ആളുകൾ അവരെ എതിർക്കുന്നതുമാണ് (അപ്പ 4:1–7). അപ്പസ്തോലന്മാരെ ബന്ധിക്കുന്നത് വൈകുന്നേരമാണ്. അ തിനാൽ അന്നുതന്നെ വിചാരണ നടത്താൻ സാധിച്ചില്ല. അവർ തട വറയിൽ കഴിയേണ്ടിവന്നു. പിറ്റേദിവസം അവർ വിചാരണ ചെയ്യ പ്പെടുകയാണ് (4:5). വിചാരണയിൽ പ്രധാന ചോദ്യം എന്തധികാര ത്തിൻ കീഴിലാണ് അപ്പസ്തോലന്മാർ മുടന്തനു സൗഖ്യം (3:1–10) കൊടുത്തത് എന്നാണ്. യേശുവിനോടു ജനപ്രമാണികൾ ചോദിച്ച അതേ ചോദ്യമാണിത് (മർക്കോ 11:27; ലൂക്കാ 20:21). പത്രോസ് പരി ശുദ്ധാത്മാവിനാൽ നിറഞ്ഞു മറുപടി പറയുമ്പോൾ യേശുവിന്റെ പ്രബോധനം അന്വർത്ഥമാകുകയാണ് (ലൂക്കാ 2:11–12 കാണുക). പത്രോസിന്റെ മറുപടി ഉത്ഥിതനായ യേശുവിനെ പ്രഘോഷിക്കലായി മാറുന്നു. സഹനവും മരണവും വഴി ദൈവത്താൽ മഹത്ത്വീകൃത നായ യേശുവിന്റെ നാമത്തിലാണ് രോഗിക്കു സൗഖ്യം കൊടുത്ത

ത്. മാത്രമല്ല, മനുഷ്യനു രക്ഷയ്ക്കുവേണ്ടി ആകാശത്തിൻ കീഴിൽ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി പത്രോസ് പറയുന്നു. സങ്കീർത്തനം 118:22 ഉദ്ധരിച്ചുകൊണ്ട് യഹൂദർ തിരസ്കരിച്ച കല്ലായ യേശു പുതിയ സമൂഹത്തിന്റെ മൂലക്കല്ലായിത്തീർന്നു എന്ന് പത്രോസ് സ്ഥാപിക്കുന്നു. ഇതും യേശു ഉപയോഗിച്ചിട്ടുള്ള ഒരു വ്യാഖ്യാനമാണ് (ലൂക്കാ 20:17). അപ്രകാരം സംശയമോ, നിബന്ധനകളോ ഇല്ലാത്ത വ്യക്തവും സ്ഫുടവുമായ വിശ്വാസ പ്രഘോഷണവും സാക്ഷ്യവുമാണ് പത്രോസ് നല്കുന്നത്.

## സന്ദേശം

നല്ല ഇടയന്റെ ജീവൻ നല്കുന്ന സമർപ്പണ മനോഭാവം വളർത്തിയെടുക്കാൻ നാം ക്ഷണിക്കപ്പെടുന്നു. പത്രോസിലൂടെ ഉണ്ടായ രോഗസൗഖ്യവും തുടർന്നുള്ള വിശ്വാസ പ്രഖ്യാപനവും ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ചവന്റെ നാമത്തിലായിരുന്നുവെന്ന് നാം വിസ്മരിക്കരുത്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## നല്ലിടയനും ആട്ടിൻപറ്റവും

ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന നല്ല ഇടയനാണ് യേശുനാഥൻ. ഇടയനും ആടുകളും എന്ന സുപരിചിതമായ പ്രമേയത്തിന്റെ പശ്ചാത്തലത്തിൽ യേശു താനും തന്റെ ശിഷ്യന്മാരും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെ വെളിപ്പെടുത്തുന്നു. ആടുകളെ അറിയുകയും അവയെ പരിചരിക്കുകയും ചെയ്യുന്ന നല്ലിടയനും അവയുടെ അടുത്തേക്കുള്ള വാതിലും താനാണെന്ന് യേശു പഠിപ്പിക്കുന്നു. ഇടയനെയും ആടുകളെയുംകുറിച്ചുള്ള ഈ ആശയം സുപരിചിതമായ പാലസ്തീനായുടെ പശ്ചാത്തലത്തിലാണ് യേശു സംസാരിക്കുന്നത്. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധം ഇടയനും ആടുകളും തമ്മിലുള്ള ബന്ധമായി താരതമ്യം ചെയ്യുന്ന രീതി ഇവിടെ കണ്ടെത്താനാകും.

പാലസ്തീനയിൽ രണ്ടുതരം ഇടയന്മാരുണ്ടായിരുന്നു. സ്വന്തമായുള്ള ആടുകളെ മേയ്ക്കുന്നവരും കൂലിക്കാരായവരും. ആദ്യഗണത്തിൽപ്പെടുന്ന ഇടയന്മാർ ആടുകളെ സ്വന്തം മക്കളെയെന്നപോലെ

Date of Publication: 13 March 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 106)

യാണ് പരിപാലിച്ചിരുന്നത്. അതുകൊണ്ടുതന്നെ അവയെ പേരുചൊല്ലി വിളിക്കാൻതക്കവിധം അവർക്ക് ആഴമായ ബന്ധമാണ് ആടുകളുമായുണ്ടായിരുന്നത്. പകൽമുഴുവൻ സ്വച്ഛമായി മേയാൻ വിട്ടിരുന്ന ആടുകളെ വൈകുന്നേരങ്ങളിൽ ആലയൊരുക്കി അതിൽ പാർപ്പിച്ചിരുന്നു. കുന്നിന്റെ താഴ്‌വരയിൽ കല്ലുകൾ വട്ടത്തിൽ അടുക്കിവച്ചാണ് ആടുകൾക്കായി ആല നിർമ്മിച്ചിരിക്കുന്നത്. അതിന് മേൽക്കൂരയോ വാതിലോ ഉണ്ടായിരുന്നില്ല. വട്ടത്തിലുള്ള ഈ ആലയിലേക്ക് പ്രവേശിക്കാൻ ഒരു വിടവ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. വൈകുന്നേരമാകുമ്പോൾ ഇടയൻ ആടുകളെ ഓരോന്നായി എണ്ണിയെണ്ണി അകത്തേക്കു പ്രവേശിപ്പിക്കും. എല്ലാ ആടുകളും പ്രവേശിച്ചുകഴിയുമ്പോൾ ഇടയൻ വിടവിനു വട്ടം കിടക്കും. അതായത് ഇടയൻ ആടുകളുടെ വാതിലായിമാറും. ഏതെങ്കിലുമൊരു ആടിന് പുറത്തേക്ക് പോകണമെങ്കിൽ ഇടയനെ ചവിട്ടിപ്പോകണം. ചെന്നായ്ക്കളോ മറ്റോ ആടുകളെ ആക്രമിക്കണമെങ്കിൽ ആദ്യം ഇടയനെ ഉപദ്രവിക്കണം. അങ്ങനെ സ്വന്തം ജീവൻ പണയപ്പെടുത്തി ആടുകളുടെ ജീവന് കാവലിരിക്കുന്നവൻ നല്ല ഇടയനായി മാറുന്നു.

ഇസ്രായേലിന്റെ ഇടയന്മാർ (നേതാക്കന്മാർ) ആടുകളോടുള്ള ഉത്തരവാദിത്വം മറന്ന് മുറിവേറ്റതിനെ പരിചരിക്കാതെയും ഒടിഞ്ഞുപോയതിനെ വച്ചുകെട്ടാതെയും നിരുത്തരവാദപരമായി പെരുമാറിയപ്പോൾ യഹോവതന്നെ ഇസ്രായേലിന്റെ ഉടമസ്ഥാനം ഏറ്റെടുത്തു. ഇതിനുസമാനമായി പുതിയനിയമകാലഘട്ടത്തിലെ ഇടയന്മാ രും നിരുത്തരവാദപരമായി പെരുമാറിയപ്പോൾ യേശുനാഥൻ ദൈ വജനത്തിന്റെ ഇടയസ്ഥാനം ഏറ്റെടുക്കുന്നു. മാത്രമല്ല തന്നെത്തന്നെ വാതിലായി യേശു അവതരിപ്പിക്കുമ്പോൾ അതിന് രണ്ട് അർത്ഥതലങ്ങളുണ്ട്. ഒന്നാമതായി, ആടുകൾ ആലയിൽ പ്രവേശിക്കാനുള്ള ഏകമാർഗം ഇടയനാണ്. ദൈവജനത്തിന് പിതാവിലെത്താനുള്ള ഏകമാർഗവും സത്യവും ജീവനുമായ യേശുവാണ്. രണ്ടാമതായി, വാതിൽ സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു. വരാനും പോകാനുമുള്ള സ്വാതന്ത്ര്യം, മേച്ചിൽപുറം തേടാനുള്ള സ്വാതന്ത്ര്യം. യേശുവിലായിരിക്കുക എന്നാൽ സ്വതന്ത്രരായിരിക്കുക എന്നർത്ഥം.

**ഫാ. മെൽട്ടസ് ചാക്കോ കൊല്ലശ്ശേരി**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*